ISSN 2582-2764

അറിവോരം

ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY | Vol. 3 | Issue 6 | Bimonthly | December 2023 | Thiruvananthapuram | Page 18 | Price ₹ 10

» 04 സഹകരണ മേഖല : പ്രതിസന്ധികളും പരിഹാരവും
» 14 നിയമനിർമ്മാണ സഭയുടെ വികാസ പരിണാമങ്ങൾ: ഐക്യകേരള രൂപീകരണം വരെ
» 18 അനന്തപുരിയുടെ അക്ഷരോത്സവം

സഭാധ്യക്ഷന്റെ പേജ്

മതനിരപേക്ഷ ജനാധിപത്യത്തിന്റെ പതാകവാഹകരാകാം

'Man is the architect of his destiny': Shakespeare

എ.എൻ. ഷംസീർ
സ്പീക്കർ

2023 നവംബർ 1 മുതൽ 7 വരെ കേരള നിയമസഭാ പരിസരത്തുവച്ച് നടത്തിയ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മുന്നോടിയായി സ്കൂൾ വിദ്യാർഥികൾക്കായി ഒരു മാതൃകാ നിയമസഭ സംഘടിപ്പിച്ചിരുന്നു. പൊതുഭരണ സെക്രട്ടേറിയറ്റ് സമുച്ചയത്തിന്റെ ഭാഗമായിട്ടുള്ള പഴയ നിയമസഭാ ഹാളിൽ വച്ച് 2023 ഒക്ടോബർ 26 ാം തീയതി നടത്തിയ മാതൃകാ നിയമസഭയിൽ സ്പീക്കറായും മന്ത്രിമാരായും പ്രതിപക്ഷ നേതാവായും തിളങ്ങിയത് രാജ്യത്തിന്റെ ഭാവി വാഗ്ദാനങ്ങളായ, മിടുക്കന്മാരും മിടുക്കികളുമായ സ്കൂൾ വിദ്യാർഥികളായിരുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ പ്രസക്തിയും അത് നിലനിർത്തേണ്ടതിന്റെ ആവശ്യകതയും പുതുതലമുറയെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയാണ് പ്രധാനമായും കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ മോഡൽ നിയമസഭ സംഘടിപ്പിച്ചത്. ജനാധിപത്യബോധം, ഭരണഘടനാ മൂല്യങ്ങൾ, പാർലമെന്ററി സംവിധാനത്തിന്റെ മാതൃക തുടങ്ങിയവയൊക്കെ ഈ പരിപാടിയിലൂടെ പുതുതലമുറയ്ക്ക് അടുത്ത് പരിചയപ്പെടാൻ സാധിച്ചു. അവരിലൂടെ ഉയർന്നുവരുന്ന ചിന്താധാരകളും സംവാദങ്ങളും മറ്റും ജനാധിപത്യത്തെ പരിപോഷിപ്പിക്കും എന്നുറപ്പാണ്. ജനാധിപത്യം ശക്തിപ്പെടുമ്പോൾ സ്വാഭാവികമായും സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനുമെതിരായ പ്രതിരോധനിര വിപുലവും സജീവവുമാകും. അതിനാൽത്തന്നെയാണ് ജനാധിപത്യത്തെ ദുർബലപ്പെടുത്താനുള്ള ശ്രമങ്ങൾ സാമ്രാജ്യത്വ സഹായത്തോടെ രാജ്യത്ത് ഊർജ്ജിതമാക്കുന്നത്.

നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ജനാധിപത്യം മതനിരപേക്ഷമാണ്. മതനിരപേക്ഷത എന്നത് മതവിരുദ്ധമല്ല. മതം രാഷ്ട്രീയത്തിലോ രാഷ്ട്രീയം മതത്തിലോ ഇടപെടാത്ത അവസ്ഥയാണ് മതനിരപേക്ഷത. മതനിരപേക്ഷ ജനാധിപത്യം മതവിശ്വാസികൾക്കും ഒരു മതത്തിലും വിശ്വസിക്കാത്തവർക്കും സർവ്വ വിശ്വാസികൾക്കും അതുപോലെ അവിശ്വാസികൾക്കും താന്താങ്ങളുടെ ആശയങ്ങൾ വച്ചുപുലർത്താനും അതു പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം പ്രദാനം ചെയ്യുന്നുണ്ട്. രാഷ്ട്രത്തിന്റെ നിലനിൽപ്പിന് അത് വിനാശകരമാകരുത് എന്നേയുള്ളൂ.

മതനിരപേക്ഷമായ ഇന്ത്യൻ ജനാധിപത്യം ജാതി, മത, വർണ്ണ, പ്രാദേശിക ഭേദങ്ങൾക്ക് അതീതമായി ഇന്ത്യൻ ജനതയെ ഒന്നായി കാണുകയാണ്. ഭരണഘടനയുടെ ആമുഖം തുടങ്ങുന്നത് 'നാം, ഇന്ത്യയിലെ ജനങ്ങൾ' എന്നാണ്. ഇന്ത്യയിലെ ഹിന്ദുക്കൾ എന്നോ മുസ്ലീങ്ങൾ എന്നോ ക്രിസ്ത്യാനികൾ എന്നോ മറ്റേതെങ്കിലും മതസ്ഥർ എന്നോ മുഖവുരയിൽ പറയാത്തിടത്തോളം ഇന്ത്യ ഏതെങ്കിലും ഒരു പ്രത്യേക മതവിഭാഗത്തിന്റെ സ്വകാര്യസ്വത്തല്ല. എന്നാൽ, ഇന്ത്യൻ ഭരണഘടനയുടെ ഈ പ്രഖ്യാപനത്തെ അപ്രസക്തമാക്കുന്ന വിധത്തിലാണ് രാജ്യത്ത് വർഗീയ മുതലെടുപ്പിനുള്ള ശ്രമങ്ങൾ ശക്തമാകുന്നത്. ഹിന്ദുത്വ രാഷ്ട്രവാദികളുടെ മതധ്രുവീകരണത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾ ജനാധിപത്യത്തെ ദുർബലപ്പെടുത്തുന്നതാണ്.

സുദീർഘമായ വാദപ്രതിവാദങ്ങളിലൂടെയും ചർച്ചകളിലൂടെയും ആശയസമരങ്ങളിലൂടെയും രൂപപ്പെട്ടതാണല്ലോ ഇന്ത്യൻ ഭരണഘടന. അതിന്റെ രൂപകൽപ്പന സാധ്യമായത് സമഗ്രമായ ജനാധിപത്യ പ്രക്രിയയിലൂടെയാണ്. അത്തരത്തിലുള്ള സംവാദതലമെന്നത് ഹിന്ദുത്വ രാഷ്ട്രീയത്തിന് പഥ്യമല്ല. അതിനാലാണ് അവർ ഭരണഘടനയെ തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ കടന്നുകയറിയാണ് ഇന്ത്യൻ ഭരണഘടനയെ ഇല്ലാതാക്കാൻ ഇക്കൂട്ടർ പരിശ്രമിക്കുന്നത്. അതിനെതിരെ ശക്തമായി പോരാടാൻ പുതിയ തലമുറ രംഗത്തുവരണം. ഇന്ത്യൻ ജനാധിപത്യം നിലനിൽക്കണോ വേണ്ടയോ എന്ന ജീവൽ രാഷ്ട്രീയ പ്രശ്നത്തെ അഭിമുഖീകരിക്കുമ്പോൾ ജനാധിപത്യ സംരക്ഷണത്തിൽ വരുത്തുന്ന ചെറിയ വീഴ്ച പോലും നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പിന് ഭീഷണിയാവും എന്ന തിരിച്ചറിവോടെ മുന്നോട്ടുപോകാൻ യുവതലമുറയ്ക്ക് സാധിക്കണം. ജനാധിപത്യ വിശ്വാസികൾ അവരെ അതിന് പ്രാപ്തരാക്കണം.

മോഡൽ അസംബ്ലിയിൽ നൂറ്റി അറുപത്തിനാല് കുട്ടികളാണ് പങ്കാളികളായിരുന്നത്. മുഖ്യമന്ത്രിയും മന്ത്രിമാരുമായി ഇരുപത്തിയൊന്ന് വിദ്യാർഥികൾ പെർഫോം ചെയ്തു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷനേതാവ്, ചീഫ് മാർഷൽ എന്നിങ്ങനെ നിയമസഭയിലെ എല്ലാ ചുമതലകളും കുട്ടികൾ കൈയേറ്റു. മോഡൽ നിയമസഭയിൽ നാൽപത്തിയാറ് പേർ സംസാരിച്ചു. ജനാധിപത്യത്തിന്റെയും ഭരണഘടനാ മൂല്യങ്ങളുടെയും പ്രസക്തി അവരുടെ വാക്കുകളിലൂടെ പ്രകാശിച്ചു. മതനിരപേക്ഷത ഉയർത്തിപ്പിടിക്കേണ്ട ആവശ്യകതയെ സംബന്ധിച്ച് അവർ വാചാലരായി. മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പെൺകുട്ടികളായിരുന്നു. സ്ത്രീ പ്രാതിനിധ്യത്തിന്റെ എന്നപോലെ സമത്വത്തിന്റെ സന്ദേശവും ഇതിലൂടെ മോഡൽ നിയമസഭ ഉയർത്തിപ്പിടിച്ചു.

കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നടത്തിയ മോഡൽ നിയമസഭയുടെ മാതൃകയിൽ സംസ്ഥാനത്തെ 140 അസംബ്ലി മണ്ഡലങ്ങളിലും വിദ്യാർഥികൾക്കുവേണ്ടി മോഡൽ നിയമസഭകൾ ചേരുന്നത് നന്നായിരിക്കും. നിയമസഭാ സാമാജികർ തങ്ങളുടെ മണ്ഡലങ്ങളിൽ ഇത്തരത്തിലുള്ള മാതൃകാ നിയമസഭകൾ സംഘടിപ്പിക്കുന്നതിനായി മുന്നോട്ടു വരുന്നുണ്ട് എന്നത് തികച്ചും ആഹ്ലാദകരമായ ഒരു കാര്യമാണ്. മണ്ഡലത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഇതിന്റെ ഭാഗമാക്കി മാറ്റാൻ കഴിയുന്നതാണ്. നൂറ്റി നാൽപ്പത് മണ്ഡലങ്ങളിൽ നടക്കുന്ന മോഡൽ പാർലമെന്റിന്റെ അടുത്തഘട്ടം സംസ്ഥാനതലത്തിലാവാം. ഭരണഘടനാ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കാനും മതനിരപേക്ഷ ജനാധിപത്യത്തിന്റെ പ്രസക്തി മനസ്സിലാക്കാനും അവ സംരക്ഷിക്കാനുള്ള പ്രതിരോധശൃംഗമാവാനും പുതുതലമുറയെ പ്രാപ്തരാക്കാൻ ഇതിലൂടെ സാധിക്കും.

വായനയാണ് ലഹരി

'വായനയാണ് ലഹരി' എന്ന ആശയം മുൻനിർത്തി 2023 നവംബർ 1 മുതൽ 7 വരെ അനന്തപുരിയെ അക്ഷരങ്ങളുടെ ലോകത്തേക്ക് ആനയിച്ച ആഘോഷമായിരുന്നു കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം- രണ്ടാം പതിപ്പ്. 2023 നവംബർ 2 ാം തീയതി നിയമസഭാ സമുച്ചയത്തിലെ ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ സാഹിത്യത്തിനുള്ള സമഗ്ര സംഭാവനയ്ക്ക് ഏർപ്പെടുത്തിയ 'നിയമസഭാ അവാർഡ്' മലയാളത്തിന്റെ പ്രിയ എഴുത്തുകാരൻ എം.ടി.വാസുദേവൻ നായർക്ക് സമ്മാനിച്ചു. കലാസാഹിത്യ സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയരംഗത്തെ പ്രമുഖരുടേയും സാഹിത്യ രംഗത്തേക്ക് ചുവട് വയ്ക്കുന്ന യുവപ്രതിഭകളുടെയും സാന്നിധ്യം പുസ്തകോത്സവത്തിന് മിഴിവേകി. കേരളത്തിനകത്തും പുറത്തും നിന്നുള്ള 164 പ്രസാധകരുടെ 256 പുസ്തക സ്റ്റാളുകളാണ് നിയമസഭാ സമുച്ചയത്തിൽ ക്രമീകരിച്ചിരുന്നത്. സ്റ്റാളുകളുടെ ഉദ്ഘാടനം നവംബർ 1 ന് കേരള നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവ്വഹിച്ചു. പരിപാടിയുടെ ഭാഗമായി നാല് വേദികളിലായി 207 പുസ്തക ചർച്ചകളും മന്ത്രിമാർ, സാമൂഹിക സാംസ്കാരിക രംഗത്തുള്ളവർ എന്നിവരെ പങ്കെടുപ്പിച്ച് പത്ത് പാനൽ ചർച്ചകളും സാഹിത്യരംഗത്തെ ദേശീയ അന്തർദേശീയ തലങ്ങളിലെ പ്രമുഖരെ സഹകരിപ്പിച്ചുകൊണ്ട് പതിനൊന്ന് Meet the Author സെഷനുകളും KLIBF TALKS, കവിയും കവിതയും എന്നീ സെഷനുകളും സംഘടിപ്പിച്ചിരുന്നു.

പുസ്തകോത്സവത്തിന്റെ ഭാഗമായി മാതൃകാ പാർലമെന്റ്, പുസ്തകാസ്വാദനം, പദ്യപാരായണം, ഒരു കഥ പറയാം, എന്നെ സ്വാധീനിച്ച വായനശാല എന്നിവയിൽ എല്ലാപേർക്കും പങ്കെടുക്കാവുന്ന രീതിയിൽ ഓൺലൈൻ മത്സരങ്ങളും ക്വിസ്സ് മത്സരവും സംഘടിപ്പിക്കുകയുണ്ടായി. 624 സ്കൂളുകളിൽ നിന്നായി എഴുപത്തയ്യായിരത്തോളം വിദ്യാർഥികളുൾപ്പെടെ അഞ്ച് ലക്ഷത്തിലധികം പേർ അറിവിന്റെ ആഘോഷം കാണാനെത്തി. പുസ്തകോത്സവം കാണാനെത്തുന്ന സ്കൂൾ വിദ്യാർഥികൾക്കായി സൗജന്യ സന്ദർശന പാക്കേജും കെ.എസ്.ആർ.ടി.സി.യുടെ ഡബിൾ ഡെക്കർ ബസിൽ സിറ്റി റൈഡും ഏർപ്പെടുത്തിയിരുന്നു.

(ചിത്രങ്ങൾ ഉൾപേജുകളിൽ)



മൊഴിമുഴക്കം

"ഒരു കാര്യത്തെ വ്യത്യസ്തമായി വീക്ഷിക്കുന്നതിനെയാണ് സർഗാത്മകത എന്ന് പറയുന്നത്"

ഡോ. എ.പി.ജെ. അബ്ദുൾ കലാം

സ്പീക്കറുടെ പൊതു പരിപാടികൾ

സ്നേഹപ്രയാണം ആയിരം ദിനങ്ങൾ പരിപാടിയുടെ 506 ാം ദിന സംഗമം

പത്തനാപുരം ഗാന്ധിഭവൻ നടത്തിവരുന്ന സ്നേഹ പ്രയാണം ആയിരം ദിനങ്ങൾ എന്ന പരിപാടിയുടെ 506 ാം ദിന സംഗമം സ്പീക്കർ എ.എൻ.ഷംസീർ ഉദ്ഘാടനം ചെയ്തു. ഭൂമിയിൽ മനുഷ്യന് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ പുണ്യം സഹജീവികളോടുള്ള കരുണയും കരുതലു മാണ്. നമ്മുടെ നാട്ടിൽ മാതാപിതാക്കളെപ്പോലും നിർദ്ദയം ഉപേക്ഷിച്ചുകളയുന്ന പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യ ത്തിൽ ഇതിന് പ്രതിവിധിയായി പുതിയ തലമുറയിൽ സഹ ജീവിസ്നേഹം വളർത്തേണ്ടത് അനിവാര്യമാണെന്നും അശരണരും നിരാലംബരുമായ കുഞ്ഞുങ്ങൾ മുതൽ വയോ ധികരെ വരെ ചേർത്തു പിടിക്കുന്ന ഗാന്ധിഭവന്റെ പ്രവർത്തനം തീർത്തും മാതൃകാപരമാണെന്നും സ്പീക്കർ പറഞ്ഞു. ഗാന്ധി ഭവന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അദ്ദേഹം ആശംസകൾ നേർന്നു.

കെ.ബി. ഗണേഷ്കുമാർ എം.എൽ.എ അധ്യക്ഷ നായ ചടങ്ങിൽ ഹോർട്ടികോർപ്പ് ചെയർമാൻ അഡ്വ. എസ്. വേണുഗോപാൽ പങ്കെടുത്തു.

ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

അഖിലേന്ത്യാ സഹകരണ വാരാഘോഷത്തോടനുബന്ധിച്ച് അടൂരിൽ സംഘടിപ്പിച്ച പരിപാടി ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്യുന്നു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ...

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള സിന്തറ്റിക് ട്രാക്കും ഫുട്ബോൾ ഗ്രൗണ്ടും

എം. വിജിൻ
കല്ല്യാശ്ശേരി

കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ നിർമ്മിച്ച അന്താരാഷ്ട്ര നിലവാരത്തിലുള്ള സിന്തറ്റിക് ട്രാക്കും ഫുട്ബോൾ ഗ്രൗണ്ടും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ എം. വിജിൻ എം. എൽ. എ. അധ്യക്ഷനായിരുന്നു.

'ഖേലോ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴ് കോടി രൂപ ചെലവിട്ട് നിർമ്മിച്ച സിന്തറ്റിക് ട്രാക്ക് ലോക നിലവാരത്തിലുള്ള വടക്കേ മലബാറിലെ ആദ്യത്തെ സിന്തറ്റിക് ട്രാക്കാണ്. ഐ.എ.എ.എഫ് സ്റ്റാൻഡേഡ് 400 മീ 8 ലെയ്ൻ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, ഇലവൻസ് നാച്വറൽ ഫുട്ബോൾ ടർഫ് , ഗ്യാലറി ബിൽഡിംഗ്, ഓഫീസ് റൂം, ചെയ്ഞ്ചിംഗ് റൂം, ടോയ്‌ലെറ്റ് ബ്ലോക്ക്, ഫ്ളഡ് ലൈറ്റ്, ഫെൻസിംഗ്, അനുബന്ധ സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എം.എൽ.എ. ഫണ്ടിൽ നിന്നും അറുപത് ലക്ഷം രൂപ നാച്വറൽ ഫുട്ബോൾ ടർഫിന്റെ പ്രവൃത്തിക്കായി അനുവദിച്ചു. സ്പോർട്സ് കേരള ഫൗണ്ടേഷന്റെ മേൽനോട്ടത്തിൽ ന്യൂ ഡൽഹി സിൻകോട്ട് ഇന്റർനാഷണലാണ് ട്രാക്ക് നിർമ്മാണം പൂർത്തിയാക്കിയത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. പി. ദിവ്യ, കളക്ടർ ആർ. ചന്ദ്രശേഖർ, മുൻ എം.എൽ.എ. ടി.വി. രാജേഷ്, സായ് പ്രിൻസിപ്പാൾ ഡോ ജി. കിഷോർ എന്നിവർ ചടങ്ങിൽ വിശിഷ്ടാതിഥികളായിരുന്നു.

മികച്ച ജൈവ കാർഷിക നിയോജക മണ്ഡലത്തിനുള്ള സംസ്ഥാന പുരസ്കാരം കല്ല്യാശ്ശേരിക്ക്

കേരളത്തിലെ മികച്ച ജൈവ കാർഷിക നിയോജക മണ്ഡലത്തിനുള്ള സംസ്ഥാന പുരസ്കാരം തിരുവനന്തപുരത്ത് നിശാഗന്ധി ഓഡിറ്റോറി യത്തിൽ നടന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദിൽ നിന്നും എം.വിജിൻ എം.എൽ.എ. ഏറ്റുവാങ്ങി. കല്ല്യാശ്ശേരി കൃഷി അസിസ്റ്റന്റ് ഡയറക്ടർ സുഷ ബി., ദിനേഷ് ഇ. എന്നിവരും ചടങ്ങിൽ പങ്കെടുത്തു. പ്രശസ്തിപത്രവും ഫലകവും അഞ്ച് ലക്ഷം രൂപയും അടങ്ങുന്നതാണ് പുരസ്കാരം. വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിൽ, ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു, എം. എൽ. എ. മാർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു. ഏറ്റവും മികച്ച ജൈവ പദ്ധതി നടപ്പിലാക്കുന്ന നിയോജക മണ്ഡലത്തിനുള്ള അംഗീകാരമാണ് സംസ്ഥാന പുരസ്കാരത്തിലൂടെ കല്ല്യാശ്ശേരിക്ക് ലഭിച്ചത്.

കാർഷിക മേഖലയിൽ നൂതനമായ പദ്ധതികളാണ് കല്ല്യാശ്ശേരി മണ്ഡല ത്തിൽ നടപ്പിലാക്കി വരുന്നത്. ഇതിന്റെ മികച്ച ഉദാഹരണമാണ് ഔഷധ ഗ്രാമം പദ്ധതി. ആദ്യഘട്ടത്തിൽ കടന്നപ്പള്ളി പണപ്പുഴ പഞ്ചായത്തിൽ 10 ഏക്കറിലും, കണ്ണപുരം, ഏഴോം പഞ്ചായത്തുകളിൽ 7.5 ഏക്കർ വീതവുമായി 25 ഏക്കറിൽ

കുറുന്തോട്ടി കൃഷി ആരംഭിച്ചു. ഘട്ടം ഘട്ടമായി മണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളിൽ നൂറ് ഏക്കറിൽ ഔഷധ കൃഷി വ്യാപിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

കൃഷി വകുപ്പ്, ഔഷധി, മെഡിസിനൽ പ്ലാന്റ് ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ്, മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റി, കർഷകരുടെ കൂട്ടായ്മ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിലൂടെ കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുന്നതിനും വിപണനത്തിനുമായി സൊസൈറ്റിക്ക് രൂപം നൽകും.

കല്ല്യാശ്ശേരി മണ്ഡലം സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വിദ്യാല യങ്ങളിൽ കുട്ടികളും കൃഷിയിലേക്ക് എന്ന ലക്ഷ്യത്തോടെ 'ഹരിതമോഹനം' പദ്ധതി നടപ്പിലാക്കി. ശാസ്ത്രീയ കൃഷി സംസ്കാരവും സ്വയംപര്യാപ്തതയും കൈവരിക്കാനു ള്ള പാഠങ്ങൾ കുട്ടികൾക്ക് നൽകുക എന്ന ലക്ഷ്യത്തോടെയാണ് മണ്ഡലത്തിലെ മുഴുവൻ സ്കൂളുകളിലും സംസ്ഥാന സർക്കാരിന്റെ 'ഞങ്ങളും കൃഷിയിലേക്ക്' എന്ന ക്യാമ്പയിനോട് ചേർന്ന് പദ്ധതിക്ക് തുടക്കം കുറിച്ചത്.

ഏഴോം, പട്ടുവം, കണ്ണപുരം പഞ്ചായത്തുകളിൽ കൈപ്പാട് കൃഷിയും മികച്ച നിലയിൽ നടന്നുവരുന്നു. 98 ഹെക്ടർ സ്ഥലത്താണ് കൈപ്പാട് കൃഷി ചെ യ്തുവരുന്നത്. ഭൗമ സൂചിക കരസ്ഥമാക്കിയ കൈപ്പാട് അരി ഉത്പാദിപ്പിക്കുന്നത് കർഷകരുടെ കൂട്ടായ്മയായ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റി മുഖേനയാണ്. പട്ടുവത്ത് പയർ, ഉഴുന്ന് കൃഷി മികച്ച നിലയിൽ കർഷക കൂട്ടായ്മകൾ മുഖേന നടത്തി വരുന്നു. ചെറുതാഴം പഞ്ചായത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി. 100 ഹെക്ടർ പ്രദേശത്താണ് പദ്ധതി നടപ്പിലാക്കുന്നത്. മുഴുവൻ പഞ്ചായത്തുകളിലും കൃഷി വകുപ്പ്, സ്വയം സഹായ സംഘങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹക രണത്തോടെ ജൈവ പച്ചക്കറി കൃഷി, വാഴ കൃഷി തുടങ്ങി നിരവധി പദ്ധതികൾ നടത്തിവരുന്നുണ്ട്.

കല്ല്യാശ്ശേരി മണ്ഡലത്തിൽ മികച്ച കാർഷിക പ്രവർത്തനങ്ങൾ നടത്തുന്ന തിന് അംഗീകാരം പ്രചോദനമാകുമെന്ന് എം. വിജിൻ എം. എൽ. എ. പറഞ്ഞു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ...

'കാരുണ്യ സ്പർശം പൂഞ്ഞാർ' പദ്ധതി

സെബാസ്റ്റ്യൻ കുളത്തുങ്കൽ
പൂഞ്ഞാർ

നിർധന കിടപ്പുരോഗികൾക്കുള്ള ധനസഹായ പദ്ധതിയായ 'കാരുണ്യ സ്പർശം പൂഞ്ഞാർ 2022-23' ഒരു വർഷം പൂർത്തീകരിച്ചു. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. നേതൃത്വം നൽകുന്ന സന്നദ്ധ സേവന സംഘടനയായ എം.എൽ.എ. സർവ്വീസ് ആർമിയുടെ ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പാലിയേറ്റീവ് പരിചരണ വിഭാഗത്തിന്റെ സാന്ത്വന പരിചരണം ലഭിക്കുന്ന കിടപ്പ് രോഗികളിൽ നിന്നും തെരഞ്ഞെടുത്ത നൂറ് പേരായിരുന്നു പദ്ധതിയുടെ ഗുണഭോക്താക്കൾ. ഉദാരമതികളായ സ്പോൺസർമാരുടെ സഹകരണത്തോടെ ഓരോ കിടപ്പ് രോഗിക്കും മരുന്നിനും മറ്റ് ആവശ്യങ്ങൾക്കുമായി പ്രതിമാസം ആയിരം രൂപ ഒരു വർഷത്തേക്ക് നൽകുന്നതായിരുന്നു പദ്ധതി. 2022 സെപ്റ്റംബറിൽ ആരംഭിച്ച പദ്ധതിയുടെ ആദ്യ ഗഡു ഓരോ ഗുണഭോക്താവിന്റെയും വീട്ടിൽ എം.എൽ.എ. നേരിട്ടെത്തി നൽകുകയായിരുന്നു. തുടർന്ന് പത്ത് മാസക്കാലം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പണമായി നൽകി. പദ്ധതി പൂർത്തിയാകുന്ന ആഗസ്റ്റ് മാസം, ആദ്യ തവണ നൽകിയത് പോലെ തന്നെ എം.എൽ.എ. ഓരോ ഭവനത്തിലും നേരിട്ടെത്തി അവസാന ഗഡു ഗുണഭോക്താക്കൾക്ക് കൈമാറി. കൂടാതെ അരിയും മറ്റ് പലവ്യഞ്ജന സാധനങ്ങളും അടങ്ങിയ ഓണക്കിറ്റും അവർക്ക് നല്കി. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീക്കോയി, തിടനാട്, പാറത്തോട്, എരുമേലി, കൂട്ടിക്കൽ, കോരുത്തോട്, മുണ്ടക്കയം, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും, ഈരാറ്റുപേട്ട മുൻസിപ്പൽ പ്രദേശത്തുമാണ് പദ്ധതി നടപ്പിലാക്കിയത്. വികസന പ്രവർത്തനങ്ങളോടൊപ്പം സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെ സംരക്ഷിക്കേണ്ടതുമുണ്ട് എന്നുള്ള സന്ദേശം സമൂഹത്തിന് പകർന്നു നൽകുന്നതിനും സമൂഹ മനഃസാക്ഷി ഉണർത്തുന്നതിനും കൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചതെന്നും പദ്ധതിയുടെ രണ്ടാംഘട്ടം ഇതേപോലെ തന്നെ കിടപ്പുരോഗികളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തുകൊണ്ട് ആസന്നഭാവിയിൽ ആരംഭിക്കുമെന്നും എം.എൽ.എ. അറിയിച്ചു.

തീർത്ഥാടകർക്കായി ടൂറിസം അമിനിറ്റി സെന്റർ

ആന്റണി രാജു
തിരുവനന്തപുരം

പ്രമുഖ തീർത്ഥാടന കേന്ദ്രമായ തിരുവനന്തപുരം വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയ അങ്കണത്തിൽ നിർമ്മിച്ച ടൂറിസം അമിനിറ്റി സെന്റർ പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ തീരപ്രദേശത്ത് സ്ഥിതി ചെയ്യുന്ന പ്രസിദ്ധമായ വെട്ടുകാട് പള്ളിയിൽ എത്തുന്ന തീർത്ഥാടകർക്ക് സൗകര്യപ്രദമായ രീതിയിലാണ് അമിനിറ്റി സെന്റർ നിർമ്മിച്ചിരിക്കുന്നത്. പുരാതനവും ചരിത്രപരവുമായ ആരാധനാലയങ്ങളെ പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായാണ് അമിനിറ്റി സെന്റർ നിർമ്മിച്ചത്. തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് മൂന്നു കോടി രൂപ മുതൽമുടക്കിൽ അമിനിറ്റി സെന്റർ സ്ഥാപിച്ചത്. മൂന്ന് നിലകളിലായി 3166 ചതുരശ്ര അടി വിസ്തീർണത്തിൽ പണിത കെട്ടിടത്തിൽ ഓഡിറ്റോറിയം, വിശ്രമമുറികൾ, ഊട്ടുപുര, ശൗചാലയം തുടങ്ങിയ സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്. വെട്ടുകാട് നടന്ന ഉദ്ഘാടന ചടങ്ങിൽ ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ചു. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ, തിരുവനന്തപുരം നഗരസഭ കൗൺസിലർമാർ, വെട്ടുകാട് ഇടവക വികാരി, ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു. തിരുവനന്തപുരത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ വേളിയുടെയും ശംഖുമുഖത്തിന്റെയും എയർപോർട്ടിന്റെയും സമീപത്താണ് പ്രമുഖ തീർത്ഥാടന കേന്ദ്രമായ വെട്ടുകാട് ദേവാലയം സ്ഥിതിചെയ്യുന്നത്.

കളിയിക്കാവിള–കരുനാഗപ്പള്ളി തീരദേശ ബസ് സർവ്വീസ്

തീരദേശവാസികളുടെ ചിരകാല സ്വപ്നമായ കളിയിക്കാവിള- കരുനാഗപ്പള്ളി തീരദേശ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ഗതാഗത മന്ത്രി ആന്റണി രാജു ഫ്ളാഗ് ഓഫ് ചെയ്തു. കളിയിക്കാവിളയിൽ നിന്ന് പാറശ്ശാല, പൂവാർ, പുല്ലുവിള, വിഴിഞ്ഞം, പൂന്തുറ, ബീമാപള്ളി, വലിയതുറ, ശംഖുമുഖം, കണ്ണാന്തുറ, വെട്ടുകാട്, വേളി, സെന്റ് ആൻഡ്രൂസ്, പെരുമാതുറ, അഞ്ചുതെങ്ങ്, വർക്കല, കാപ്പിൽ, പരവൂർ, ഇരവിപുരം, കൊല്ലം, നീണ്ടകര, ചവറ വഴി കരുനാഗപ്പള്ളി വരെയും തിരിച്ചും രണ്ട് ഫാസ്റ്റ് പാസഞ്ചർ ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്. പ്രതിദിനം നാല് സർവ്വീസുകൾ വീതമാണ് ഓരോ റൂട്ടിലുമുള്ളത്. കളിയിക്കാവിളയിൽ നിന്നും കരുനാഗപ്പള്ളിയിൽ നിന്നും രാവിലെ 04.30 ന് ആദ്യ സർവ്വീസ് ആരംഭിച്ച് രാത്രി 11.25 ന് അവസാനിക്കുന്ന തരത്തിലാണ് സർവ്വീസുകൾ ക്രമീകരിച്ചിരിക്കുന്നത്.

വെട്ടുകാട് നടന്ന ഫ്ളാഗ് ഓഫ് ചടങ്ങിൽ ശംഖുമുഖം വാർഡ് കൗൺസിലർ അധ്യക്ഷത വഹിച്ചു. വെട്ടുകാട് വാർഡ് കൗൺസിലർ, വെട്ടുകാട് മാദ്രെ ദെ ദേവൂസ് പള്ളി വികാരി തുടങ്ങിയവർ പങ്കെടുത്തു. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തീരദേശ വിനോദ സഞ്ചാര കേന്ദ്രങ്ങളിലൂടെയുള്ള ബസ് സർവ്വീസ് യാത്രാക്ലേശം പരിഹരിക്കുന്നതിനും വിനോദ സഞ്ചാരത്തിനും സഹായകരമാകും. ഇതോടെ തീരദേശവാസികളുടെ വർഷങ്ങളായുള്ള അഭിലാഷമാണ് സഫലമാവുന്നത്.

പ്രതിപക്ഷ നേതാവിന്റെ പേജ്



സഹകരണ മേഖല : പ്രതിസന്ധികളും പരിഹാരവും

വി.ഡി.സതീശൻ
പ്രതിപക്ഷ നേതാവ്

കേരളത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ വികസനത്തിന് ഇന്ധനം പകരുന്ന സർവ്വതലസ്പർശിയായ പ്രസ്ഥാനമാണ് സഹകരണ മേഖല. 1915 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയ ട്രിവാൻഡ്രം സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക് ആണ് തിരുവിതാംകൂറിലെ ആദ്യത്തെ സഹകരണ സാമ്പത്തിക സ്ഥാപനം. 108 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള ഈ പ്രസ്ഥാനത്തിന് ഇന്ന് കേരളത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വിവിധ വിഭാഗങ്ങളിലായി 16,256 സഹകരണ സ്ഥാപനങ്ങൾ ഉണ്ട്. ഏകദേശം 2.45 ലക്ഷം കോടി രൂപ നിക്ഷേപവും 1.86 ലക്ഷം കോടി രൂപ വായ്പയും നൽകുന്ന ഈ മേഖല നമ്മുടെ നിത്യജീവിതവുമായി ഇഴപിരിക്കാനാകാത്തവിധം ചേർന്നു നിൽക്കുന്നു. ഏറ്റവും കൂടുതൽ സഹകരണ സ്ഥാപനങ്ങളുള്ള മഹാരാഷ്ട്ര സംസ്ഥാനത്തിന് പോലും കാഴ്ചവയ്ക്കാനാവാത്തവിധം ശക്തമായ പ്രവർത്തനശേഷിയും സാമ്പത്തിക ഇടപെടലും നടത്തുന്ന ഈ മേഖല ശക്തമായും അഴിമതിരഹിതമായും നിലനിൽക്കേണ്ടത് അനിവാര്യമാണ്. ഓരോ മലയാളിക്കും നേരിടേണ്ടി വരുന്ന സാമ്പത്തിക പ്രശ്നങ്ങളിൽ, പ്രതിസന്ധികളിൽ അത്താണിയായി തുടരുന്ന സഹകരണ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ മൊത്തം ബാങ്കിംഗ് ഇടപാടുകളുടെ 42% നിർവ്വഹിക്കുന്നുവെന്നുള്ള യാഥാർത്ഥ്യം സഹകരണമേഖലയ്ക്ക് ജനങ്ങളിലുള്ള സ്വാധീനം വെളിപ്പെടുത്തുന്നു.

ഒരു സഹകരണ സ്ഥാപനത്തിലെ അംഗങ്ങളാണ് ആ സ്ഥാപനത്തിന്റെ പ്രധാന ഘടകം. അംഗങ്ങളുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിലെ ഭരണനിർവ്വഹണം ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന ഭരണ സമിതിയും ജീവനക്കാരും ചേർന്നാണ് നടത്തുന്നത്. സംഘാംഗങ്ങളുടെ വിശാല താൽപര്യങ്ങൾ മുൻനിർത്തി അവരുടെ സാമ്പത്തിക അഭിവൃദ്ധിക്കും സാമൂഹ്യ നിലവാരമുയർത്തുന്നതിനും വേണ്ടി സുതാര്യമായ ജനാധിപത്യരീതിയിലൂടെ ജാതി -മത-വർഗ്ഗ-ഭേദമെന്യേ പ്രവർത്തിക്കുകയാണ് ഒരു സഹകരണ സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യം.

എന്നാൽ വലിയ തോതിൽ പണം കൈകാര്യം ചെയ്യുന്ന ചില സഹകരണ സ്ഥാപനങ്ങളിൽ ഇന്ന് നിലനിൽക്കുന്ന അഴിമതിയും സ്വജനപക്ഷപാതവും അടക്കമുള്ള ദുഷ്പ്രവണതകൾ ഈ മേഖലയുടെ വിശ്വാസ്യതയെ തന്നെ ഹനിക്കുന്ന രൂപത്തിലെത്തിയിരിക്കുന്നു. സഹകരണ തത്വങ്ങളും മൂല്യങ്ങളും വെടിഞ്ഞ് സ്വാർത്ഥതയും ലാഭേച്ഛയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥിരം ഭരണ സമിതികൾ പലപ്പോഴും സംഘം പ്രവർത്തനങ്ങളെ തെറ്റായ മാർഗ്ഗങ്ങളിലൂടെ നയിക്കുകയും ഒടുവിൽ സംഘം പ്രവർത്തനം തന്നെ താളംതെറ്റി സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഏറ്റവും വലിയ ദൃഷ്ടാന്തങ്ങളാണ് തൃശ്ശൂർ ജില്ലയിലെ കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലും തിരുവനന്തപുരം ജില്ലയിലെ കണ്ടല സർവ്വീസ് സഹകരണ ബാങ്കിലും കണ്ടത്.

കരുവന്നൂരിലും കണ്ടലയിലുമടക്കം നടന്നിരുന്ന ബാങ്ക് കൊള്ള സഹകരണ പ്രസ്ഥാനങ്ങളുടെ വിശ്വാസ്യതയ്ക്ക് കോട്ടം വരുത്തിയിട്ടുണ്ട്. നൂറു വർഷത്തെ പാരമ്പര്യമുള്ള ബാങ്കായ കരുവന്നൂരിൽ നടന്ന സഹകരണ കൊള്ള കേരളം കണ്ട ഏറ്റവും വലിയ സഹകരണ തട്ടിപ്പാണ്. വ്യാജരേഖകൾ ചമച്ചും വസ്തുക്കളുടെ മൂല്യം ഉയർത്തിക്കാട്ടിയും ക്രമരഹിതമായി വായ്പയും ചിട്ടി വായ്പയും അനുവദിച്ചും ബാങ്കിന്റെ സൂപ്പർമാർക്കറ്റിലേക്ക് സാധനങ്ങൾ വാങ്ങുന്നതിൽപോലും ക്രമക്കേട് കാണിച്ചും വിവിധ തലങ്ങളിലായിരുന്നു തട്ടിപ്പ് നടത്തിയത്. ബാങ്ക് ഭരണസമിതിയും ഉന്നത രാഷ്ട്രീയ നേതൃത്വവും ആസൂത്രിതമായി നടത്തിയ ഗൂഢാലോചനയുടെ ചുരുളുകൾ അഴിയുമ്പോൾ പ്രതിപ്പട്ടികയിലുൾപ്പെട്ടവരുടെയും ഇ.ഡി.യുടെ ചോദ്യം ചെയ്യലിന് വിധേയരായവരുടേയും വെളിപ്പെടുത്തലുകൾ അക്ഷരാർത്ഥത്തിൽ കേരള സമൂഹത്തെ ഞെട്ടിച്ചിരിക്കുകയാണ്. ഇവിടെ ക്രിയാത്മകമായി ഇടപെടേണ്ട കേരള ഭരണനേതൃത്വത്തിന്റെ നിസ്സംഗത സംശയകരമാണ്. വ്യക്തമായി അന്വേഷിച്ച് സത്യം പുറത്തു കൊണ്ടുവരേണ്ടത് സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പിന് അനിവാര്യമാണ്.

സ്വകാര്യ പണമിടപാടുകാരുടെ നീരാളിപ്പിടുത്തത്തിൽ നിന്നും വൻകിട സ്വകാര്യബാങ്കുകളുടെ കടുത്ത വ്യവസ്ഥകൾക്കും ക്രെഡിറ്റ് റേറ്റിംഗുകൾക്കും മുഖാമുഖം നിന്നു കൊണ്ട് സാമൂഹ്യ-സാമ്പത്തിക -പിന്നാക്കാവസ്ഥ നേരിടുന്ന ഭൂരിപക്ഷം ജനവിഭാഗങ്ങളുടെ സാമ്പത്തിക ആശ്രയത്തിന് മാനുഷിക മുഖവും സഹാനുഭൂതിയും സഹകരണവും പരസ്പരവിശ്വാസവും നിലനിർത്തുന്ന പ്രസ്ഥാനമായി എക്കാലവും പ്രവർത്തിക്കേണ്ട സഹകരണ സ്ഥാപനങ്ങൾ സ്വാർത്ഥതയുടെയും സാമ്പത്തിക മോഹങ്ങളുടെയും സ്വാധീനത്തിന് വഴങ്ങിക്കൊടുക്കുന്നതാണ് നാം മേൽപ്പറഞ്ഞ ബാങ്കുകളിൽ കണ്ടത്. വൻതോതിൽ നിക്ഷേപമുള്ള സഹകരണ സംഘങ്ങളിൽ സുതാര്യമായ പ്രവർത്തനം ഉറപ്പാക്കേണ്ടത്, ആ സ്ഥാപനത്തിന്റെ വിശ്വാസ്യതയോടെയുള്ള നിലനിൽപ്പിന് അടിസ്ഥാനമാണ്. എന്നാൽ, വേലി തന്നെ വിളവു തിന്നുന്ന രീതി സഹകരണ മേഖലയിലെ നിക്ഷേപകരെ മറ്റു വഴികൾ സ്വീകരിക്കുവാൻ പ്രേരിപ്പിക്കുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. ഈ മേഖലയിലെ വിശ്വാസ്യത നിലനിർത്താൻ സക്രിയമായി ഇടപെടേണ്ട സർക്കാർ ഒളിച്ചുകളി അവസാനിപ്പിക്കണം. 'സഹകാരികളെ സംരക്ഷിക്കുക, കൊള്ളക്കാരെ തുറുങ്കിലടക്കുക' എന്നതാവണം ലക്ഷ്യം. വളരെ കുറച്ച് സഹകരണ ബാങ്കുകളിലാണ് ക്രമക്കേടുകൾ കണ്ടതെങ്കിലും ജീവിതസ്പർശിയായ ഈ മേഖലയെ സുതാര്യമായി നിലനിർത്തുന്നതിന് കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

നിക്ഷേപകരുടെയും സഹകാരികളുടെയും വിശ്വാസ്യത നിലനിർത്താൻ ഉതകുന്ന തീരുമാനങ്ങൾ അടിയന്തരമായി നടപ്പിലാക്കണം. ഡിപ്പോസിറ്റ് ഗ്യാരന്റി സ്കീം പ്രകാരം കേരള സർക്കാരിന്റെ കൈവശം അറുനൂറ് കോടി രൂപയുണ്ട്. നിക്ഷേപകർക്ക് അവരുടെ പണം ഈ പദ്ധതി വഴി നൽകണം. ഇപ്പോൾ നൽകുന്ന പരമാവധി തുകയായ അഞ്ച് ലക്ഷം രൂപ എന്നതു മാറ്റി മുഴുവൻ നിക്ഷേപ തുകയും തിരികെ നൽകണം. ആയതിന് നിലവിലുള്ള നിബന്ധനകൾ പരിഷ്ക്കരിക്കണം. കൂടാതെ, സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സഹകരണ സ്ഥാപനങ്ങളെ സർക്കാർ ഏറ്റെടുക്കണം. അല്ലാതെ പണം തിരികെ നൽകുന്നതിന് ബാങ്ക് ലിക്വിഡേഷനിൽ എത്തുന്നത് വരെയുള്ള സഹകാരികളുടെ കാത്തിരിപ്പ് ഒഴിവാക്കണം. ഇതോടൊപ്പം സഹകാരികളുടെ സാമ്പത്തിക ഇടപാടുകൾക്ക് പൂർണ്ണ സുരക്ഷിതത്വം നൽകുന്നതിനായി മുഴുവൻ നിക്ഷേപ തുകയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകണം. അതുപോലെ സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സമ്പ്രദായം ശക്തിപ്പെടുത്തുകയും വേണം. ഇത്തരത്തിൽ തീരുമാനമെടുത്താൽ അത് സഹകരണ സ്ഥാപനങ്ങളുടെ ശക്തമായ നിലനിൽപ്പിന് ആധാരമാകുമെന്നതിൽ സംശയമില്ല.

കേരള സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് 2019 നവംബർ 29 ന് കേരള ബാങ്ക് രൂപീകരിച്ചതോടുകൂടി സംസ്ഥാന സർക്കാരിനും സഹകരണ രജിസ്ട്രാർക്കും ഭരണപരമായ കാര്യങ്ങളിൽ മാത്രമേ ഇടപെടാൻ കഴിയുകയുള്ളൂ. എന്നാൽ, ബാങ്കിങ് ഇടപാടുകൾ റിസർവ്വ് ബാങ്ക് ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസരിച്ച് മാത്രമേ നടത്തുവാൻ കഴിയുകയുള്ളൂ. ഒരു ഷെഡ്യൂൾഡ് ബാങ്കിന്റെ പദവിയുള്ള കേരള ബാങ്കിന് സംസ്ഥാനത്തെ മറ്റ് സഹകരണ സ്ഥാപനങ്ങൾക്ക് ഓവർ ഡ്രാഫ്റ്റ് അടക്കമുള്ള സഹായം നൽകാൻ കഴിയാത്തതും സഹകരണ മേഖലയിലെ മറ്റൊരു പ്രതിസന്ധിയാണ്.

സംഘത്തിന്റെ സുതാര്യമായ നിലനിൽപ്പിന് വിഘാതമായി പ്രവർത്തിക്കുകയും സാമ്പത്തിക തട്ടിപ്പോ, ക്രമക്കേടോ നടത്തുന്നവർ ആരായാലും അവർക്ക് കക്ഷി രാഷ്ട്രീയ പരിഗണനകൾക്കതീതമായി മതിയായ ശിക്ഷ സമയബന്ധിതമായി ഉറപ്പുവരുത്തുവാനും ശ്രമിച്ചാൽ നാട്ടിലെ സാധാരണക്കാരുടെ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന സഹകരണ മേഖലയെ ശക്തമായി നിലനിർത്താൻ കഴിയും. സാധാരണക്കാരുടെ ഉൾത്തുടിപ്പുകൾ അറിയുന്ന, അവന്റെ സാമ്പത്തികാവശ്യങ്ങൾക്ക് അത്താണിയാകുന്ന സഹകരണ മേഖലയെ കണ്ണിലെ കൃഷ്ണമണി പോലെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം പൂർണ്ണമായും ഏറ്റെടുക്കുന്നതിന് എല്ലാവരും തയ്യാറാകണം. അതിനു വേണ്ടിയുള്ള കൂട്ടായ ശ്രമങ്ങൾ നമുക്ക് തുടരാം.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

മെഡിക്കൽ ക്യാമ്പും ഗുഡ് ഹെൽത്ത് പ്രാക്ടീസ് ബോധവൽക്കരണ ക്ലാസും

ആയുഷ് ഹോമിയോപ്പതി വകുപ്പിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വനിതകൾക്ക് 'She'(Sustainable Health Enhancement) എന്ന പേരിൽ സംസ്ഥാനത്തൊട്ടാകെ നടത്തിയ ഹെൽത്ത് ക്യാമ്പയിനിന്റെ ഭാഗമായി എം.എൽ.എ. ഹോസ്റ്റലിലെ ഹോമിയോ ക്ലിനിക്കിന്റെ ആഭിമുഖ്യത്തിൽ 2023 നവംബർ 10 ന് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ വനിതാ സാമാജികർക്കും നിയമസഭയിലെ വനിതാ ജീവനക്കാർക്കുമായി മെഡിക്കൽ ക്യാമ്പും ഗുഡ് ഹെൽത്ത് പ്രാക്ടീസ് ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു. രാവിലെ 10.30 ന് നിയമസഭാ സെക്രട്ടറി ഉദ്ഘാടനം നിർവഹിച്ച ക്യാമ്പിൽ ആറ് ഡോക്ടർമാരുൾപ്പെടെ പതിമൂന്നോളം ആരോഗ്യപ്രവർത്തകർ പങ്കെടുത്തു.

അസം നിയമസഭ സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾ കേരള നിയമസഭ സന്ദർശിച്ചു

അസം നിയമസഭയുടെ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾ 2023 ഒക്ടോബർ 21 ന് കേരള നിയമസഭ സന്ദർശിച്ചു. ഡോ. പരമാനന്ദ രാജ്‌വംശി ചെയർമാനായ ഏഴ് അംഗ സമിതി കേരള നിയമസഭയുടെ വിദ്യാഭ്യാസ സബ്ജക്ട് കമ്മിറ്റിയുമായി സംയുക്ത യോഗം ചേർന്നു. വിദ്യാഭ്യാസ സബ്ജക്ട് കമ്മിറ്റി ചെയർമാനും പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുമായ വി. ശിവൻകുട്ടി അധ്യക്ഷനായ ചടങ്ങിൽ എം.എൽ.എ.മാരായ എം.എസ്.അരുൺ കുമാർ, ടി.വി. ഇബ്രാഹിം, നിയമസഭാ സെക്രട്ടറി എ.എം.ബഷീർ, പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ് എന്നിവരും പങ്കെടുത്തു. യോഗാനന്തരം സമിതി നിയമസഭാ ഹാൾ സന്ദർശിച്ചു. അസം നിയമസഭാ സാമാജികരായ ബിദ്യാസിംഗ് എംഗ്ലങ്, അബ്ദു സൊബഹാൻ അലി സർക്കാർ, അഫ്ത്താബുദ്ദീൻ മൊല്ല, സുജാമുദ്ദീൻ ലസ്ക്കർ, അഷ്റഫുൾ ഹുസൈൻ, റഫീഖുൾ ഇസ്ലാം എന്നിവരും സംഘത്തിലുണ്ടായിരുന്നു.

നിയമസഭാ ജീവനക്കാർക്കായി ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി

കേരള നിയമസഭയുടെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡി സെന്റർ (പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ, നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാർക്കായി സംഘടിപ്പിച്ച ഔദ്യോഗികഭാഷാ പരിശീലന പരിപാടിയുടെ ആദ്യ ഘട്ടം 2023 നവംബർ 15 ന് സെക്ഷൻ ഓഫീസർമാർക്കും രണ്ടാം ഘട്ട പരിശീലനം നവംബർ 28, 29 തീയതികളിൽ അസിസ്റ്റന്റുമാർക്കും 'മലയാളത്തിന്റെ എഴുത്തുരീതി' എന്ന കൈപ്പുസ്തകത്തെ ആസ്പദമാക്കി സംഘടിപ്പിച്ചു. ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷാ വകുപ്പ്) ഭാഷാ വിദഗ്ധൻ ഡോ.ആർ.ശിവകുമാർ ക്ലാസ്സുകൾ നയിച്ചു. മലയാള ഭാഷയുടെ വിവിധതലങ്ങളിൽ ഏകീകൃത സ്വഭാവം ഉറപ്പുവരുത്തുന്നതിനുള്ള ആദ്യ ശ്രമമാണ് ഈ പുസ്തകമെന്നും എല്ലാ ഉദ്യോഗസ്ഥരും ഇത് പിന്തുടരാൻ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഔദ്യോഗിക ഭാഷാ പ്രയോഗം സംബന്ധിച്ച് നിലനിൽക്കുന്ന സംശയങ്ങൾ, പദാനുപദ തർജ്ജമയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ, സമസ്തപദപ്രയോഗം എന്നിവ സംബന്ധിച്ച് സമഗ്രവും കാര്യക്ഷമവുമായ രീതിയിൽ അദ്ദേഹം വിശദീകരിക്കുകയും ഉദ്യോഗസ്ഥരുടെ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു.

മുൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമായ നവംബർ 14 ന് നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള നെഹ്റു പ്രതിമയിൽ നിയമസഭാ സെക്രട്ടറി എ.എം. ബഷീർ പുഷ്പാർച്ചന നടത്തുന്നു.

സഭാ നായകരുടെ ജീവിത രേഖയിലൂടെ .....

ജനമനസ്സുകളിലെ നായനാർ

നർമ്മത്താൽ ചിരിപ്പിച്ച, ആശയങ്ങളാൽ ചിന്തിപ്പിച്ച, ജനക്ഷേമപ്രവർത്തനങ്ങൾ കൊണ്ട് ജനമനസ്സുകളെ കീഴടക്കിയ, അധികാര ധാർഷ്ട്യം തീണ്ടാത്ത, അഴിമതി സ്പർശിക്കാത്ത ഭരണകർത്താവായിരുന്ന ഏറമ്പാല കൃഷ്ണൻ നായനാർ എന്ന ഇ.കെ. നായനാർ. 1980 മുതൽ 1981 വരെയും 1987 മുതൽ 1991 വരെയും 1996 മുതൽ 2001 വരെയും അദ്ദേഹം കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നു. കേരളത്തിൽ കാലാവധി പൂർത്തിയാക്കിയ ആദ്യ മാർക്സിസ്റ്റ് മുഖ്യമന്ത്രിയായിരുന്നു അദ്ദേഹം. പതിനൊന്ന് വർഷം മുഖ്യമന്ത്രി പദം അലങ്കരിച്ച നായനാർ മൂന്ന് തവണയായി നാലായിരത്തി പത്ത് ദിവസങ്ങളാണ് മുഖ്യമന്ത്രിയായിരുന്നത്.

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരിയിൽ ഏറമ്പാല നാരായണി അമ്മയുടെയും എം.ഗോവിന്ദൻ നമ്പ്യാരുടെയും മകനായി 1919 ഡിസംബർ 9 ന് നായനാർ ജനിച്ചു. 'നായനാർ' എന്ന വാക്കിനർത്ഥം നേതാവെന്നാണ്. കോലത്തിരി രാജാവിന്റെ കീഴിലുള്ള നാട്ടുവാഴി പ്രഭുക്കളുടെ കുടുംബമായ ഏറമ്പാലക്കാർക്ക് 'നായനാർ' എന്ന പദവി നൽകിയത് കോലത്തിരി രാജാവാണ്.

സ്വാതന്ത്ര്യസമരത്തിന്റെ ആവേശം ഉൾക്കൊണ്ട് രാഷ്ട്രീയത്തിൽ പ്രവേശിച്ച നായനാർ കുട്ടികളുടെ ഏറ്റവും വലിയ സമാന്തര വിദ്യാഭ്യാസ സാംസ്കാരിക പ്രസ്ഥാനമായ ബാലസംഘത്തിന്റെ ആദ്യരൂപമായ ദേശീയ ബാലസംഘത്തിന്റെ പ്രഥമ പ്രസിഡന്റായിരുന്നു. പതിനൊന്നാം വയസ്സിൽ പയ്യന്നൂർ ഉപ്പുസത്യാഗ്രഹ ജാഥയിൽ പങ്കെടുത്ത് രാഷ്ട്രീയ ജീവിതമാരംഭിച്ച നായനാർ തന്റേതായ പ്രവർത്തനശൈലി കൊണ്ട് ജനമനസ്സുകളെ തൊട്ടറിയാനും അവരുടെ സുഖദു:ഖങ്ങളോട് താദാത്മ്യം പ്രാപിക്കാനും കഴിഞ്ഞ ചുരുക്കം നേതാക്കളിൽ ഒരാളാണ്. കോൺഗ്രസ് പാർട്ടിയിൽ പ്രവർത്തനം ആരംഭിച്ച അദ്ദേഹം കോൺഗ്രസിലെ ഇടതുപക്ഷ ചിന്താഗതിക്കാർ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപം നൽകിയപ്പോൾ അവർക്കൊപ്പം പ്രവർത്തനം തുടങ്ങി. 1940 ൽ ആറോൺ മിൽ തൊഴിലാളി യൂണിയൻ നടത്തിയ പണിമുടക്കുമായി ബന്ധപ്പെട്ട് അറസ്റ്റിലാവുകയും ആറുമാസത്തെ തടവുശിക്ഷ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. കയ്യൂർ-മൊറാഴ കർഷക ലഹളകളിൽ പങ്കെടുത്തതിനെ തുടർന്ന് അറസ്റ്റിൽ നിന്ന് രക്ഷപ്പെടാനായി തന്റെ പ്രവർത്തന മണ്ഡലം മലബാറിൽ നിന്ന് തിരുവിതാംകൂറിലേക്ക് മാറ്റി. ഒളിവിൽ കഴിഞ്ഞ കാലത്ത് അദ്ദേഹം കേരള കൗമുദിയിൽ പ്രൂഫ് റീഡറായി ജോലി നോക്കിയിരുന്നു.

സ്വാതന്ത്ര്യാനന്തരം നായനാർക്കെതിരെയുള്ള കേസുകൾ പിൻവലിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഇന്ത്യയിൽ നിരോധിക്കുന്നതിലേക്ക് നയിച്ച കൽക്കത്ത തീസിസിനെ തുടർന്ന് 1948 ൽ വീണ്ടും ഒളിവ് ജീവിതം നയിക്കേണ്ടി വന്നു. ഇന്ത്യ-ചൈന യുദ്ധസമയത്ത് ചൈന അനുകൂലിയെന്ന് ആരോപിച്ച് നായനാരെ 1964 ൽ പ്രിവന്റീവ് ഡിറ്റൻഷൻ ആക്ട് പ്രകാരം ജയിലിലടച്ചു.

1967 ൽ നായനാർ പാലക്കാട് മണ്ഡലത്തിൽ നിന്ന് ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1971 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ കാസർഗോഡ് മണ്ഡലത്തിൽ നിന്നും അദ്ദേഹം ജനവിധി തേടിയെങ്കിലും കോൺഗ്രസിലെ കടന്നപ്പള്ളി രാമചന്ദ്രനോട് പരാജയപ്പെടുകയായിരുന്നു. 1974 ലെ ഉപതെരഞ്ഞെടുപ്പിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽ നിന്നാണ് അദ്ദേഹം ആദ്യമായി നിയമസഭാംഗമായത്. 1975 ലെ അടിയന്തരാവസ്ഥക്കാലത്ത് വീണ്ടും ഒളിവിൽ പോകേണ്ടതായി വന്നു. 1980 ൽ മലമ്പുഴയിൽ നിന്ന് നിയമസഭാംഗമായ അദ്ദേഹം കൂട്ടുകക്ഷി സംവിധാനത്തിൽ ആദ്യമായി മുഖ്യമന്ത്രിയായി. ഒന്നര വർഷം മാത്രം കാലാവധിയുണ്ടായിരുന്ന ഒന്നാം നായനാർ സർക്കാരാണ് കർഷക തൊഴിലാളി പെൻഷൻ നടപ്പാക്കിയത്. 1982 ൽ മലമ്പുഴ മണ്ഡലത്തിൽ നിന്നും അദ്ദേഹം വീണ്ടും നിയമസഭാംഗമായി.

1987 ൽ നടന്ന തെരഞ്ഞെടുപ്പിൽ തൃക്കരിപ്പൂരിൽ നിന്ന് നിയമസഭാംഗമായ നായനാർ രണ്ടാം തവണ കേരള മുഖ്യമന്ത്രിയായി ചുമതലയേറ്റു. രണ്ടാം നായനാർ സർക്കാരിന്റെ കാലത്താണ് കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചത്. ഭൂപരിഷ്ക്കരണ രംഗത്തും തൊഴിലാളികളുടെ ക്ഷേമത്തിനും ഒട്ടനവധി സംഭാവനകൾ നൽകിയ നായനാർ സർക്കാർ, കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്ട് 1987, കേരള ഖാദി തൊഴിലാളി ക്ഷേമനിധി ആക്ട് 1989, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ആക്ട് 1989, കേരള റേഷൻ ഡീലേഴ്സ് ക്ഷേമനിധി ആക്ട് 1989 തുടങ്ങിയ നിയമങ്ങൾ പാസ്സാക്കുകയും കണ്ണൂർ സർവ്വകലാശാല സ്ഥാപിക്കുകയും ചെയ്തു. അധികാര വികേന്ദ്രീകരണത്തിന്റെ പുത്തൻ ചുവടുവയ്പായിരുന്ന ജില്ലാ കൗൺസിൽ രൂപീകരണം നടന്നതും അദ്ദേഹം മുഖ്യമന്ത്രിയായിരുന്നപ്പോഴാണ്.

1991 ലെ തെരഞ്ഞെടുപ്പിൽ തൃക്കരിപ്പൂരിൽ നിന്ന് നിയമസഭാംഗമായ നായനാർ പ്രതിപക്ഷ നേതൃസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടെങ്കിലും 1992 ൽ പ്രതിപക്ഷ നേതാവ് സ്ഥാനം ഒഴിഞ്ഞ് മാർക്സിസ്റ്റ് പാർട്ടി സംസ്ഥാന സെക്രട്ടറിയായി ചുമതലയേറ്റു.

1996 ലെ തെരഞ്ഞെടുപ്പിൽ ഇടതു മുന്നണിയ്ക്ക് ഭൂരിപക്ഷം ലഭിച്ചതിനെ തുടർന്ന് മുഖ്യമന്ത്രിപദം നായനാരെ ഏൽപ്പിക്കാൻ പാർട്ടി തീരുമാനിക്കുകയും പാർട്ടി സംസ്ഥാന സെക്രട്ടറി പദവി ഒഴിഞ്ഞ് തലശ്ശേരിയിൽ നിന്ന് ഉപതെരഞ്ഞെടുപ്പിലൂടെ അദ്ദേഹം നിയമസഭയിലെത്തുകയുമായിരുന്നു. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുതകുന്ന പല വികസന പരിപാടികളും തന്റെ ഭരണകാലത്ത് നടപ്പാക്കാൻ അദ്ദേഹം ആത്മാർത്ഥമായി പരിശ്രമിച്ചു. ജനകീയാസൂത്രണം, അധികാര വികേന്ദ്രീകരണം തുടങ്ങിയവയിലൂടെ ലോകത്തിനുമുന്നിൽ പുതിയൊരു കേരളാ മോഡൽ അവതരിപ്പിക്കാൻ മൂന്നാം നായനാർ സർക്കാരിനായി. കൃഷിക്കാരന് ആശ്വാസം നൽകാനും തൊഴിലാളികൾക്ക് ഫലപ്രദമായ രീതിയിൽ വേതനം ലഭ്യമാക്കാനും പൂട്ടിയ കമ്പനികൾ തുറക്കാനും പാവപ്പെട്ട തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ നടപ്പാക്കാനും പാവങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും നാല് വർഷം കൊണ്ട് നായനാർ സർക്കാരിനായി.

സംസ്ഥാനത്തെ വർദ്ധിച്ചുവന്നിരുന്ന തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനായി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, തൊഴിലൊഴിവുകൾ നികത്താനും നടപടികൾ സ്വീകരിച്ച ഇ.കെ.നായനാരുടെ നേതൃത്വത്തിലുള്ള സർക്കാർ, വിവിധ വിഭാഗം തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയതിന് പുറമേ പോലീസുകാർക്ക് സഹകരണാടിസ്ഥാനത്തിൽ ഭവന നിർമ്മാണ പദ്ധതിയും നടപ്പിലാക്കി. ഗ്രാമീണ ജലവിതരണം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. ക്രമസമാധാന പാലനത്തിലും നായനാർ സർക്കാർ പ്രശംസനീയമായ പ്രവർത്തനം കാഴ്ചവച്ചു. അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും നായനാർ ഗവൺമെന്റിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് അതത് ജില്ലകളിൽ തന്നെ പരിഹാരം കണ്ടെത്തണമെന്ന ലക്ഷ്യത്തോടെയാണ് ജില്ലാ കൗൺസിലുകൾക്ക് നായനാർ സർക്കാർ രൂപം നൽകിയത്. അധികാരം ജനങ്ങളിലേക്ക് എത്തിക്കാനും ജനങ്ങളെ ഭരണത്തിൽ പങ്കാളിയാക്കാനും ഇതിലൂടെ കഴിഞ്ഞു. നായനാർ സർക്കാർ നടപ്പിലാക്കിയ ഭരണപരിഷ്കാരങ്ങളിലെ തിളങ്ങുന്ന ഏടാണ് സമ്പൂർണ്ണ സാക്ഷരതാ പദ്ധതി. ഇത്തരത്തിൽ ഒരു പദ്ധതി രാജ്യത്ത് തന്നെ ആദ്യത്തേതായിരുന്നു.

നിയമസഭാംഗമെന്ന നിലയിൽ നിയമസഭാ പ്രവർത്തനങ്ങൾ സഗൗരവം കണ്ടിരുന്ന നായനാർ സ്വന്തം വകുപ്പുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ, ധനാഭ്യർത്ഥനകൾ, ചർച്ച, അടിയന്തരപ്രമേയം എന്നിവ സഭയുടെ പരിഗണനയ്ക്ക് വരുന്ന അവസരങ്ങളിൽ മറ്റെല്ലാം മാറ്റി വച്ച് സഭാ നടപടികളിൽ പങ്കെടുക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ രംഗത്ത് സമാനതകളില്ലാത്ത സാന്നിധ്യമായിരുന്നു നായനാർ. കൃഷിക്കാർക്കും തൊഴിലാളികൾക്കും വേണ്ടി സമരം നയിച്ച അദ്ദേഹം തൊഴിലാളിവർഗ്ഗ സംസ്കാരം വളർത്തിക്കൊണ്ടു വരുന്നതിൽ എന്നും ശ്രദ്ധാലുവായിരുന്നു. ദേശാഭിമാനി സ്റ്റഡി സർക്കിൾ, പുരോഗമന കലാ സാഹിത്യ സംഘം എന്നിവയുടെ രൂപീകരണത്തിലും വളർച്ചയിലും അദ്ദേഹം നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. ദീർഘകാലം അനാഥമായി കിടന്നിരുന്ന കേരള ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് ഊർജ്ജവും പുതുജീവനും നൽകാൻ സഹായകമായ ഗ്രന്ഥശാലാ നിയമം പാസാക്കിയത് 1987 ലെ നായനാർ സർക്കാരാണ്.

രാഷ്ട്രീയപ്രവർത്തകനെന്നതിനപ്പുറം എഴുത്തുകാരൻ കൂടിയായിരുന്നു നായനാർ. പൊതു പ്രവർത്തനത്തിന്റെ അവശ്യഘടകമായി വായനയെ കണക്കാക്കിയ നായനാർ ജീവിതാന്ത്യം വരെ വായന ഒരു ലഹരിയായി കൊണ്ടു നടന്നു. ശ്രീഹർഷൻ വായനാശാലയിലെ കൈയെഴുത്തു മാസികയിലായിരുന്നു എഴുത്തുകാരൻ എന്ന നിലയിലുള്ള അരങ്ങേറ്റം. കാലാതിവർത്തിയായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങളും കവിതയും കഥയും ആത്മകഥയും അദ്ദേഹം എഴുതിയിട്ടുണ്ട്. രാഷ്ട്രീയം, വിദ്യാഭ്യാസം, സാഹിത്യം, ഇതര സാംസ്കാരിക വിഷയങ്ങൾ എന്നിങ്ങനെ മനുഷ്യ ജീവിതത്തെ സ്പർശിക്കുന്ന എല്ലാ വിഷയങ്ങളെക്കുറിച്ചും എഴുതുകയും ചിന്തിക്കുകയും ചെയ്തിരുന്നു നായനാർ.

ദേശാഭിമാനിയുടെ ചീഫ് എഡിറ്ററായി ദീർഘകാലം പ്രവർത്തിച്ചിരുന്ന അദ്ദേഹം മലയാളത്തിലും ഇംഗ്ലീഷിലുമായി പതിനഞ്ചോളം പുസ്തകങ്ങളും നിരവധി ലേഖനങ്ങളും എഴുതിയിട്ടുണ്ട്. കേരളം കണ്ട രാഷ്ട്രീയ നേതാക്കളിൽ എന്തുകൊണ്ടും വ്യത്യസ്തമായ വ്യക്തിത്വത്തിനുടമയായിരുന്നു നായനാർ. മുഖ്യമന്ത്രിയെന്ന നിലയിൽ നായനാരുടെ സംഭാവനകൾ കേരളം വിസ്മരിക്കില്ല. രാഷ്ട്രീയ യോഗങ്ങളിൽ രാഷ്ട്രീയത്തിനപ്പുറം ആളുകളെ പൊട്ടിച്ചിരിപ്പിക്കുന്ന തമാശകൾ കൂട്ടിക്കലർത്തി ജനക്കൂട്ടത്തെ കൈയിലെടുക്കുവാൻ കഴിഞ്ഞിട്ടുള്ള ചുരുക്കം ചില നേതാക്കളിൽ ഒരാളാണ് അദ്ദേഹം.

പ്രത്യയശാസ്ത്രത്തിന്റെ കാർക്കശ്യത്തെക്കാൾ മാനുഷികമായ മാർദ്ദവഭാവങ്ങളായിരുന്നു നായനാരുടെ വ്യക്തിത്വത്തിൽ നിറഞ്ഞുനിന്നത്. കക്ഷി രാഷ്ട്രീയത്തിന്റെ അതിർവരമ്പുകൾക്കതീതമായ ജനസമ്മതി നേടാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഉള്ളിൽ തോന്നുന്നത് ഉറക്കെ പറയുന്നതായിരുന്നു നായനാരുടെ രീതി. സ്വാതന്ത്ര്യസമര സേനാനി, പത്രപ്രവർത്തകൻ, സംഘാടകൻ, പാർലമെന്റേറിയൻ, ഭരണാധികാരി എന്നീ നിലകളിൽ ആറു പതിറ്റാണ്ടു കാലം കേരളത്തിന്റെ പൊതു ജീവിതത്തിൽ നിറഞ്ഞുനിന്ന നായനാർ ജനപ്രിയനായ ഒരു നേതാവും കർമ്മ ധീരനായ ഒരു വിപ്ലവകാരിയുമായിരുന്നു.

ജനങ്ങളിൽ നിന്ന് ശക്തി സംഭരിക്കുകയും ആ ശക്തി പാർട്ടിക്ക് വിത്തായും വളമായും നൽകുകയും ചെയ്ത ഇ.കെ നായനാർ 2004 മെയ് 19 ന് ചരിത്രത്തിലേക്ക് വിട വാങ്ങി. 2004 ജൂൺ 25 ന് കേരള നിയമസഭ അദ്ദേഹത്തിന് അന്തിമോപചാരം അർപ്പിച്ചു.

സാമാജികർക്കെതിരെയുള്ള ക്രിമിനൽ വിചാരണ : നിരീക്ഷണത്തിന് ഹൈക്കോടതികളിൽ പ്രത്യേക ബെഞ്ച് സ്ഥാപിക്കണം

രാജ്യത്തെ സാമാജികർക്കെതിരെയുള്ള ക്രിമിനൽ കേസുകളിൽ വിചാരണ വേഗത്തിലാക്കാനുള്ള മാർഗരേഖ സുപ്രീംകോടതി പുറപ്പെടുവിച്ചു. ഇത്തരം കേസുകളിലെ വിചാരണ വേഗത്തിൽ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നിരീക്ഷണത്തിനായി ഹൈക്കോടതികളിൽ പ്രത്യേക ബെഞ്ചുണ്ടാക്കണമെന്നും തീർത്തും നിർബന്ധിതമായ സാഹചര്യങ്ങളിൽ അപൂർവ്വമായി മാത്രമേ സാമാജികരുടെ പേരിലെ കേസുകളിൽ തുടർനടപടികൾ മാറ്റിവയ്ക്കാവൂവെന്നും പരമോന്നത കോടതി നിർദ്ദേശിച്ചു . വധശിക്ഷയോ ജീവപര്യന്തമോ ലഭിക്കാവുന്ന കേസുകളുടെ വിചാരണയ്ക്ക് മുൻഗണന നൽകണമെന്നും അഞ്ച് വർഷത്തിലേറെ തടവുശിക്ഷ ലഭിക്കാവുന്ന കേസുകൾ അതിനുശേഷം പരിഗണിക്കണമെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് നിർദ്ദേശിച്ചു.

2022 നവംബർ 14 വരെ രാജ്യത്ത് സാമാജികരുടെ പേരിൽ തീർപ്പാകാതെ 5175 ക്രിമിനൽ കേസുകളാണ് നിലവിലുണ്ടായിരുന്നത്. കേസുകൾ കാര്യക്ഷമമായും വേഗത്തിലും തീർപ്പാക്കുന്നതിന് ഹൈക്കോടതികൾ നിർദ്ദേശം നൽകണമെന്നും അഡ്വക്കേറ്റ് ജനറലിനെയോ പബ്ലിക്ക് പ്രോസിക്യൂട്ടറെയോ പ്രത്യേക ബെഞ്ചിന് വിളിച്ചു വരുത്തി സഹായം തേടാമെന്നും വിധിന്യായത്തിൽ പറയുന്നു. കേസുകൾ കീഴ്ക്കോടതികൾക്ക് വിഭജിച്ചു നൽകുന്നതിന്റെ ഉത്തരവാദിത്വം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് ജഡ്ജിമാരിൽ ചുമത്താൻ ഹൈക്കോടതിക്കാവും, പ്രിൻസിപ്പൽ ജില്ലാ സെഷൻസ് ജഡ്ജിമാരിൽ നിന്ന് ആവശ്യമുള്ളപ്പോൾ ഹൈക്കോടതിക്ക് റിപ്പോർട്ടുകൾ തേടാം, സാമാജികരുടെ പേരിലെ കേസുകളുടെ വിവരങ്ങൾ നൽകാൻ ഹൈക്കോടതികൾ അവരുടെ വെബ്സൈറ്റിൽ പ്രത്യേക ഭാഗം തുടങ്ങണം തുടങ്ങിയ നിർദ്ദേശങ്ങളും സുപ്രീം കോടതി നൽകിയിട്ടുണ്ട്.

ഗവർണ്ണർമാർ ഭരണഘടനാ വ്യവസ്ഥകൾക്കനുസരിച്ച് പ്രവർത്തിക്കണം: സുപ്രീം കോടതി



പാർലമെന്ററി സംവിധാനത്തിൽ യഥാർത്ഥ അധികാരം ജനങ്ങൾ തെരഞ്ഞെടുക്കുന്ന ജനപ്രതിനിധികൾക്കാണെന്ന് ചൂണ്ടിക്കാട്ടിയ സുപ്രീം കോടതി, ബില്ലുകൾ തടഞ്ഞു വയ്ക്കുന്ന ഗവർണ്ണർമാരുടെ നടപടി ഭരണഘടനാ വ്യവസ്ഥകൾക്ക് നിരക്കുന്നതല്ലെന്ന് നിരീക്ഷിച്ചു. ഭരണഘടനാ അനുച്ഛേദം 200 പ്രകാരം ബില്ലുകൾ നിയമസഭയ്ക്കുതന്നെ തിരിച്ചയച്ച് മാറ്റങ്ങൾ നിർദ്ദേശിക്കാനുള്ള അധികാരം ഗവർണ്ണർക്കുണ്ടെങ്കിലും മാറ്റങ്ങൾ ഉൾപ്പെടുത്തിയോ അല്ലാതെയോ നിയമസഭ വീണ്ടും ബില്ലുകൾ പാസാക്കിയാൽ ഒപ്പിടാൻ ഗവർണ്ണർക്ക് ഉത്തരവാദിത്തമുണ്ടെന്നും സുപ്രീം കോടതി വ്യക്തമാക്കി. നിയമസഭ പാസാക്കിയ ബില്ലുകളിൽ തീരുമാനം വൈകിപ്പിക്കുന്ന ഗവർണ്ണർമാരുടെ നടപടിയെ രൂക്ഷമായി വിമർശിച്ച സുപ്രീം കോടതി, ജനങ്ങൾ തെരഞ്ഞെടുത്ത ജനപ്രതിനിധികൾ കൂടി അടങ്ങുന്ന സർക്കാരിന്റെ പ്രവർത്തനം നിയമസഭയുടെ നിരീക്ഷണത്തിലുള്ളതും ജനങ്ങളോട് ഉത്തരവാദിത്വം പുലർത്തുന്നതുമാണെന്നും വ്യക്തമാക്കി. സർക്കാരിന്റെ സഹായത്തോടെയും ഉപദേശത്തിന്റെ അടിസ്ഥാനത്തിലുമാണ് ഗവർണ്ണർമാർ പ്രവർത്തിക്കേണ്ടതെന്നതാണ് അടിസ്ഥാന തത്വമെന്ന് സൂചിപ്പിച്ച കോടതി, ഭരണഘടനാപരമായ വിഷയങ്ങളിൽ സർക്കാരിന് മാർഗനിർദ്ദേശം നൽകുക എന്നതാണ് ഗവർണ്ണർക്കുള്ള ചുമതലയെന്നും നിരീക്ഷിച്ചു. നിയമസഭ പാസാക്കിയ ബില്ലുകൾ തടഞ്ഞുവച്ച പഞ്ചാബ്, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലെ ഗവർണ്ണർമാരെയാണ് പരമോന്നത കോടതി രൂക്ഷമായി വിമർശിച്ചത്.

കേരള നിയമസഭ പാസാക്കിയ എട്ട് ബില്ലുകളിൽ തീരുമാനം വൈകിപ്പിച്ച ഗവർണ്ണറുടെ നടപടിയെ വിമർശിച്ച സുപ്രീം കോടതി ബില്ലുകളിൽ തീരുമാനം വൈകിപ്പിച്ചതിന് കൃത്യമായ കാരണം വിശദീകരിക്കാൻ ഗവർണ്ണർക്ക് കഴിഞ്ഞില്ലെന്ന് വ്യക്തമാക്കി. നിയമസഭ പാസാക്കിയ ധനബില്ലിൽ ഉടൻ തീരുമാനമെടുക്കാനും കോടതി നിർദ്ദേശിച്ചു.

വിജ്ഞാനപഥം

1. ജാതിഭേദമെന്യേ എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിക്കണമെന്ന് ശ്രീമൂലം പ്രജാസഭയിൽ 1918 ൽ പ്രമേയം അവതരിപ്പിച്ചത് ആര്?

   ടി.കെ.മാധവൻ

2. സ്ത്രീകൾക്ക് ശ്രീമൂലം പ്രജാസഭയിൽ അംഗങ്ങളാകാനുള്ള അവകാശം ലഭിച്ച വർഷം?

   1930

3. തെരഞ്ഞെടുപ്പിലൂടെ ആദ്യമായി ശ്രീമൂലം അസംബ്ലിയുടെ ഡെപ്യൂട്ടി പ്രസിഡന്റായ വ്യക്തി?

   റ്റി.കെ.വേലുപ്പിള്ള

4. ശ്രീമൂലം പോപ്പുലർ അസംബ്ലിയുടെ വി.ജെ.ടി. ഹാളിലെ (അയ്യങ്കാളി ഹാൾ) അവസാന സമ്മേളനം നടന്നതെന്ന്?

   1938 ൽ

5. ശ്രീമൂലം അസംബ്ലിയിൽ പിന്നാക്ക വിഭാഗങ്ങൾക്കായി എത്ര സീറ്റ് സംവരണം ചെയ്തിരുന്നു?

   പതിനാല്

6. വിളംബരങ്ങൾ 'ആക്ട്' എന്ന് അറിയപ്പെടാൻ തുടങ്ങിയത് ഏത് ഉത്തരവ് പ്രകാരമാണ്?

   1939 മാർച്ച് 18 ലെ ഉത്തരവ് പ്രകാരം

ടി.കെ.മാധവൻ

റ്റി.കെ.വേലുപ്പിള്ള

7. 1947 ൽ രൂപീകൃതമായ റിഫോംസ് കമ്മിറ്റിയുടെ അധ്യക്ഷൻ?

   പട്ടം താണുപിള്ള

8. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകരിച്ചുകൊണ്ടുള്ള റഗുലേഷൻ പാസാക്കിയ രാജാവ്?

   ശ്രീമൂലം തിരുനാൾ രാമവർമ്മ

9. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് അസംബ്ലിയിലെ ആദ്യ ചോദ്യം ഏത് അംഗത്തിന്റേതായിരുന്നു? എന്തിനെക്കുറിച്ചായിരുന്നു ചോദ്യം?

   എം.സുബ്രഹ്മണ്യപിള്ള. തിരുവിതാംകൂർ സർവ്വീസിൽ 50 രൂപയോ അതിൽ കൂടുതലോ വേതനം പറ്റുന്നവരെ കുറിച്ചായിരുന്നു ചോദ്യം.

10. മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായിരുന്നു. ഏത് കൗൺസിലിലാണ് അദ്ദേഹം ആദ്യമായി അംഗമായത്?

    1920-22 കൗൺസിലിൽ


പട്ടം താണുപിള്ള

ശ്രീമൂലം തിരുനാൾ രാമവർമ്മ

ഉള്ളൂർ എസ്. പരമേശ്വരയ്യർ

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...



അവളിലേക്കുള്ള ദൂരം : സൂര്യയുടെ ജീവിതകഥ

ഡോ. രശ്മി. ജി &
അനിൽകുമാർ കെ. എസ്.

ചിന്ത പബ്ലിഷേഴ്സ് : തിരുവനന്തപുരം, 2022.

Y(S58)wSOO 32R2

(ജെൻഡർ ന്യൂനപക്ഷങ്ങളുടെ അതിജീവന പോരാട്ടങ്ങളും പരിണാമങ്ങളും വരച്ച് കാണിക്കുന്ന ജീവിത കഥ.)

ക്രിസ്തു വീണ്ടും ക്രൂശിക്കപ്പെട്ടു

(2 ാം പതിപ്പ്)

നിക്കോസ് കസാന്റ് സാക്കീസ്

വിവ: ശൂരനാട് രവി

പ്രഭാത് ബുക്ക് ഹൗസ് : തിരുവനന്തപുരം, 2022.

O13, 3KAI 32Q4

(Christ Recrucified എന്ന ഗ്രീക്ക് നോവലിന്റെ മലയാള പരിഭാഷ.)



DECENTRALISED GOVERNANCE AND DEVELOPMENT IN INDIA

Durga P. Chhetri

Mittal Publications : New Delhi, 2012.

W, 6.2 Q2

(This book portraits the decentralisation history of India with particular reference to Sikkim.)



The ASSASSINATION of MAHATMA GANDHI :

Trial & Verdict 1948-49

Suresh Nambath, Ed.

THG Publishing Private Limited, Anna Salai, 2020.

zG R0

(This is a monograph on the assassination, case trial and the details of the conspiracy behind the brutal killing of Mahatma Gandhi.)



History of School Education in Kerala

Since Independence

Gopakumaran Nair N.

RPH: Thiruvananthapuram, 2022.

Tv212' N47 R2

(This book is a tracing history of the development of education in Kerala since independence.)

ജാതി വ്യവസ്ഥയുടെ രാഷ്ട്രീയ ഭൂമിക

അഡ്വ. രാജഗോപാൽ വാകത്താനം

ക്വിവൈവ് ടെക്സ്റ്റ് : മാവേലിക്കര, 2022.

Y59.2g 32 R2

(ജാതിയുടെ ചരിത്രവും പ്രജനനവും വിനിമയങ്ങളും ശാസ്ത്രീയമായി വിശകലനം ചെയ്യുന്ന ഗ്രന്ഥം.)



സൈബർ ലോകത്തെ ചതിക്കുഴികൾ

സുരേന്ദ്രൻ ചീക്കിലോട്

ശ്രേഷ്ഠ ബുക്സ് : തിരുവനന്തപുരം, 2021.

D65, 49 (Y:45) 32 R1

(സൈബർ ലോകത്ത് ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികളെക്കുറിച്ചും ഇന്റർനെറ്റിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്താനുള്ള തന്ത്രങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന ഗ്രന്ഥം.)



70 years of India's Independence

Vittal (N), et.al

Manas Publications : New Delhi, 2017.

V2 Q7

(This book is a collection of essays on India's governance written by eminent personalities in civil, police and defence departments in India.)

ഗോത്രമാനസം : ആദിവാസി ഊരിലെ വേറിട്ട ജീവിതങ്ങൾ

പി. കെ. മുരളീധരൻ

പ്രിയത ബുക്സ് : കോഴിക്കോട്, 2016.

Y 592.212 32 Q6

(ഇടമലക്കുടിയിലെ ഗോത്രജീവിതം സസൂക്ഷ്മം നിരീക്ഷിച്ച് അവതരിപ്പിക്കുന്ന കൃതി.)

ലോക സിനിമയുടെ കഥ

വിജയകൃഷ്ണൻ

ലിപി പബ്ലിക്കേഷൻസ് : കോഴിക്കോട്, 2022.

NWvl32R2

(ലോക സിനിമയുടെ ചരിത്രം വിശകലനം ചെയ്യുന്ന കൃതി.)



സാമാജികൻ സാക്ഷി

(2 ാം പതിപ്പ്)

ഡോ. എൻ ജയരാജ്

ഡോൺ ബുക്സ് : കോട്ടയം, 2023.

W.212 32R3

(സമൂഹത്തെ ബാധിക്കുന്ന പൊതുവിഷയങ്ങൾ ഒരു നിയമസഭാ സാമാജികന്റെ കണ്ണിലൂടെ കാണുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്ന ലേഖനങ്ങളുടെ സമാഹാരം. ഗവ. ചീഫ് വിപ്പാണ് ലേഖകൻ.)

സമകാലിക ഇന്ത്യ : ഒരു സമൂഹശാസ്ത്ര വീക്ഷണം

(3 ാം പതിപ്പ്)

സതീശ് ദേശ്പാണ്ഡ

വിവ: ജെ. ദേവിക

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് : തൃശ്ശൂർ, 2022.

Y.2 32R2

(ഇന്ത്യയിലെ ആധുനികതയും പാരമ്പര്യവും നെഹ്റുവിന്റെ വികസന സങ്കല്പവും സാമ്പത്തിക നയവും, ഇന്ത്യയിലെ ജാത്യസമത്വങ്ങളും വിശകലനം ചെയ്യുന്ന കൃതി)

KERALA LEGISLATURE
INTERNATIONAL BOOK FESTIVAL
2nd Edition
NOVEMBER 01-07

KLIBF 2023



PREMIERE BOOKS
A200

SOUTHERN BOOK STAR
B222

KLIBF 2023

KSRTC
CITY RIDE
കേരള നിയമസഭ
അന്താരാഷ്ട്ര
പുസ്തകോത്സവം
KERALA LEGISLATIVE ASSEMBLY

KLIBF
Cultural Programme
2023 Nov 6, 7.00 pm - 9.00 pm

KLIBF
Cultural Programme
2023 Nov 6, 7.00 pm - 9.00 pm
നിയമസഭ സാമാജികരുടെയും
നിയമസഭാ ജീവനക്കാരുടെയും
വിവിധ കലാപരിപാടികൾ

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

റ്റി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

1975 ലെ കേരള പട്ടികവർഗ്ഗ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചു കൊടുക്കലും) നിയമം (1975 ലെ 31 ാമത് നിയമം)

പാരമ്പര്യമായി പട്ടികവർഗ്ഗക്കാർ കൈവശം വച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭൂമി അന്യാധീനപ്പെടുത്തുകയും ഒറ്റി, പാട്ടം എന്നീ മാർഗ്ഗങ്ങളിലൂടെയും കുറഞ്ഞ വില നൽകിയും പട്ടികവർഗ്ഗ വിഭാഗത്തിലല്ലാത്തവർ അനധികൃതമായി കൈവശപ്പെടുത്തുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പാസ്സാക്കിയ ഒരു നിയമമായിരുന്നു 1975 ലെ കേരള പട്ടികവർഗ്ഗ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചുകൊടുക്കലും) നിയമം. ഒരു പട്ടികവർഗ്ഗ വിഭാഗക്കാരൻ കൈവശം വച്ചിരുന്നതോ അനുഭവിച്ചു വന്നിരുന്നതോ ആയ സ്ഥാവരവസ്തു പട്ടികവർഗ്ഗക്കാരനല്ലാത്ത ഒരാൾക്ക് കൈമാറ്റം ചെയ്താൽ ആയത് അസാധുവായിരിക്കുമെന്ന് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. അതുപോലെ ഒരു സ്ഥാവര വസ്തുവിന്റെ കൈമാറ്റം നിമിത്തം പട്ടികവർഗ്ഗത്തിലെ ഒരംഗത്തിന് പ്രസ്തുത വസ്തുവിന്റെ കൈവശമോ അനുഭവമോ നഷ്ടപ്പെടുന്ന പക്ഷം അയാൾക്ക് ആ വസ്തുവിന്റെ കൈവശമോ അനുഭവമോ തിരിച്ചു കിട്ടാനുള്ള അവകാശവും നിയമത്തിലൂടെ സംരക്ഷിക്കപ്പെട്ടിരുന്നു.

കൂടാതെ, പട്ടികവർഗ്ഗക്കാർ തങ്ങളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി തിരികെ ലഭിക്കുന്നതിന് അപേക്ഷ നൽകാത്ത കേസ്സുകളിൽ സർക്കാരിന് സ്വമേധയാ അവ പരിശോധിക്കാനും അവരുടെ വസ്തുക്കൾ തിരിച്ചു കൊടുപ്പിക്കാനും നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. അതുപോലെ പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യക്തിയിൽനിന്ന് കടം തിരിച്ചു പിടിക്കുന്നതിന് അയാളുടെ സ്ഥാവര വസ്തുവിലുള്ള അവകാശം യാതൊരു കാരണവശാലും കണ്ടുകെട്ടാൻ പാടില്ലെന്ന് നിയമം അനുശാസിക്കുന്നു. മാത്രവുമല്ല, ഏതെങ്കിലും വസ്തുവിന്മേലുള്ള അവകാശം പട്ടികവർഗ്ഗക്കാരന് തിരിച്ചു നൽകുന്ന പക്ഷം വസ്തു കൈവശം വച്ചിരുന്ന ആൾക്ക് വസ്തുവിന് നൽകിയ പണത്തോടൊപ്പം അയാൾ വസ്തുവിൽ വരുത്തിയ നവീകരണത്തിനും ബന്ധപ്പെട്ട അധികാരി നിശ്ചയിക്കുന്ന തുക കൂടി നൽകണമെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു.

1975 മാർച്ച് 18 ാം തീയതി അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ബേബി ജോണാണ് ഈ ബിൽ സഭയിൽ അവതരിപ്പിച്ചത്. അന്നുതന്നെ ആ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കപ്പെട്ടു. സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 1975 ആഗസ്റ്റ് 5 ാം തീയതി സഭ പാസ്സാക്കി. ഗവർണ്ണറുടെ അംഗീകാരത്തിനായി അയച്ച ബിൽ, ഗവർണ്ണർ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയയ്ക്കുകയും രാഷ്ട്രപതി ബില്ലിന് 1975 നവംബർ 11 ാം തീയതി അംഗീകാരം നൽകുകയും ചെയ്തു.

തടസ്സം നീക്കാൻ പുതിയ ഒരു ഭേദഗതി

1975 ലെ കേരള പട്ടികവർഗ്ഗ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചു കൊടുക്കലും) നിയമം പ്രാബല്യത്തിൽ വന്നതിന്റെ ഫലമായി ആദിവാസി ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിരവധി പരാതികൾ ഉയർന്ന് വരികയുണ്ടായി. അതിന്റെ ഭാഗമായി ആദിവാസി ഭൂമി, കൈമാറ്റം വാങ്ങിയ ആദിവാസികളല്ലാത്ത ആളുകളിൽനിന്നും കൈവശം പുനഃസ്ഥാപിച്ചു കിട്ടുന്നതിനുള്ള നിരവധി നടപടികൾ റവന്യൂ ഡിവിഷണൽ ഓഫീസറുടെ മുൻപാകെ തീർപ്പാക്കാതെ കിടക്കുകയും, ആദിവാസി ഭൂമിയിലെ കൈവശക്കാരെ ഒഴിപ്പിക്കുന്നത് വ്യാപകമായ അനന്തരഫലങ്ങളുളവാക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്തു. റവന്യൂ വകുപ്പ് നേരിട്ട അനിതരസാധാരണമായ ബുദ്ധിമുട്ടുകൾ സമയബന്ധിതമായി പരിഹരിക്കപ്പെടേണ്ടിവന്ന സാഹചര്യത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ആൾക്കാരുടേയും ഭൂമി കൈമാറ്റം ചെയ്തു കിട്ടിയവരുടേയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി 1975 ലെ മൂലനിയമത്തിന് ഒരു ഭേദഗതി ബിൽ 1996ൽ കേരള നിയമസഭ പാസ്സാക്കുകയുണ്ടായി.

ബിൽ രാഷ്ട്രപതി തിരിച്ചയയ്ക്കുന്നു

മേൽപ്പറഞ്ഞ ലക്ഷ്യം മുൻനിർത്തി 1996 സെപ്റ്റംബർ 23 ാം തീയതി കേരള നിയമസഭ പാസ്സാക്കിയ ഭേദഗതി ബിൽ, ഗവർണ്ണർ, രാഷ്ട്രപതിയുടെ അനുമതിക്കായി സമർപ്പിച്ചുവെങ്കിലും രാഷ്ട്രപതി അതിന് അനുമതി നൽകാതെ തിരിച്ചയയ്ക്കുകയാണുണ്ടായത്. അതിനാൽ ആദിവാസികളുടെ ഭൂമി പ്രശ്നത്തിൽ രമ്യമായ ഒരു ഒത്തുതീർപ്പ് ഉണ്ടാകേണ്ടത് വീണ്ടും അനിവാര്യമായിത്തീർന്നു.

ആദിവാസികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ 1960 ജനുവരി 1 നും 1986 ജനുവരി 24 നും ഇടയ്ക്ക് കൈമാറ്റം ചെയ്ത ഭൂമിയുടെ പ്രശ്നങ്ങളുമായി മാത്രം ബന്ധപ്പെട്ടവ ആയിരുന്നില്ല. ഭൂമിയില്ലാത്ത ധാരാളം ആദിവാസി കുടുംബങ്ങളുണ്ട്. അവരിൽ ഭൂരിഭാഗം പേർക്കും നിലവിലെ സാമൂഹ്യസ്ഥിതി വഷളാക്കാനും സാമൂഹ്യ സംഘർഷങ്ങൾ ഗുരുതരമാക്കാനും താൽപര്യമില്ലെന്നും പകരം ഭൂമി സ്വീകരിച്ചുകൊണ്ട് രമ്യമായ ഒരു ഒത്തുതീർപ്പാണ് ആവശ്യമെന്നുമുള്ള വസ്തുത ആദിവാസികളുടെ പ്രതിനിധികളുമായി സർക്കാർ നടത്തിയ ചർച്ചകളിൽനിന്നും വെളിവാകുകയുണ്ടായി.

ഭൂമിയില്ലാത്ത ഓരോ ആദിവാസി കുടുംബത്തിനും, അവർ താമസിക്കുന്ന ജില്ലയിൽത്തന്നെ 40 ആർ വിസ്തീർണ്ണത്തിൽ കവിയാതെയുള്ള ഭൂമി നൽകാൻ ഉദ്ദേശിച്ചുകൊണ്ടും ആദിവാസിയല്ലാത്ത ചെറുകിട മാർജിനൽ കൈമാറ്റക്കാരെ സംരക്ഷിക്കാനും രണ്ട് ഹെക്ടറിലധികമുള്ള ഭൂമി ആദിവാസികളായ കൈമാറ്റക്കാർക്ക് തന്നെ തിരികെ കൊടുക്കുന്നതിനും ആദിവാസികളായ കൈമാറ്റക്കാർക്ക് പകരം ഭൂമി കൊടുക്കുന്നതിനും പുറമെ അവർക്ക് വീടുകൾ നൽകുന്നതിനും മറ്റ് ക്ഷേമകാര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഒരു പുതിയ നിയമ നിർമ്മാണത്തിന് സർക്കാർ സന്നദ്ധമായി. അതാണ് 1999ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശസ്ഥാപനവും ആക്ട് (1999 ലെ 12).

1999 ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശസ്ഥാപനവും ആക്ട്

ഈ നിയമം നിലവിൽ വന്നതു മുതൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾ, തന്റെ കൈവശമോ, അനുഭവത്തിലോ, ഉടമസ്ഥതയിലോ ഉള്ള ഭൂമിയുടെ അധികാരസ്ഥന്റെ മുൻകൂട്ടിയുള്ള രേഖാമൂലമായ അനുവാദം കൂടാതെ പട്ടികവർഗ്ഗക്കാരനല്ലാത്ത ഒരാൾക്ക് നടത്തുന്ന ഏതൊരു കൈമാറ്റവും അസാധുവായിരിക്കുന്നതാണ്. കൂടാതെ, പട്ടികവർഗ്ഗത്തിലെ ഒരംഗം തന്റെ കൈവശത്തിലോ ഈ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പോ, പട്ടികവർഗ്ഗത്തിലെ അംഗമല്ലാത്ത ഏതെങ്കിലും ആളിന് നടത്തിയ ഏതൊരു കൈമാറ്റവും കൂടി അസാധുവായിരിക്കുന്നതാണ്.

എന്നാൽ, പട്ടികവർഗ്ഗത്തിലെ ഒരംഗം പട്ടികവർഗ്ഗക്കാരനല്ലാത്ത ഒരാൾക്ക് മേൽക്കാലയളവിൽ നടത്തിയ, രണ്ടു ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമിയുടെ ഏതൊരു കൈമാറ്റവും അസാധുവാകുന്നതല്ല. കൂടാതെ പട്ടികവർഗ്ഗക്കാരന് തുല്യ വിസ്തീർണ്ണമുള്ള ഭൂമി സർക്കാരിൽനിന്നും അനുവദിച്ച് അവകാശം പുനഃസ്ഥാപിച്ചു കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതുമാണ്.

ഈ നിയമത്തിലെ മറ്റൊരു സുപ്രധാന വ്യവസ്ഥ പ്രകാരം നിയമം നിലവിൽ വന്ന് രണ്ടുവർഷക്കാലയളവിനകമോ അല്ലെങ്കിൽ സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്ന അധിക കാലത്തിനകമോ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സംസ്ഥാനത്തെ പട്ടികവർഗ്ഗത്തിലെ ഭൂരഹിത കുടുംബങ്ങൾക്ക് അവർ താമസിക്കുന്ന ജില്ലയിൽ നാൽപ്പത് ആർ വിസ്തീർണ്ണത്തിൽ കവിയാതെയുള്ളത്രയും ഭൂമി സർക്കാർ പതിച്ചു നൽകേണ്ടതാണ്. എന്നാൽ വിസ്തീർണ്ണം നാൽപ്പത് ആറിൽ കുറവുള്ള പക്ഷം പ്രസ്തുത കുടുംബത്തിന് മൊത്തം വിസ്തീർണ്ണം നാൽപ്പത് ആറിന് തുല്യമാകുന്നതിലേക്ക് ആവശ്യമുള്ളത്ര ഭൂമി കൂടി പതിച്ചു കിട്ടാൻ അർഹത ഉണ്ടായിരിക്കുന്നതാണെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു.

സംസ്ഥാനത്ത് ഒരു പട്ടികവർഗ്ഗ പുനരധിവാസ ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയ ഈ നിയമത്തിലൂടെത്തന്നെ 1975ലെ കേരള പട്ടികവർഗ്ഗ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചുകൊടുക്കലും നിയമം) റദ്ദാക്കുകയും ചെയ്യുകയുണ്ടായി.

റവന്യൂ വകുപ്പുമന്ത്രിയായിരുന്ന കെ.ഇ. ഇസ്മയിലാണ് 1999 ഫെബ്രുവരി 3 ാം തീയതി ഈ ബിൽ സഭയിൽ അവതരിപ്പിച്ചത്. സബ്ജക്ട് കമ്മിറ്റിയുടെ വിശദമായ പരിശോധനയ്ക്കുശേഷം 1999 ഫെബ്രുവരി 23 ാം തീയതി ബിൽ സഭ പാസ്സാക്കുകയും സഭ പാസ്സാക്കിയ ബില്ലിന് 1999 മാർച്ച് 9 ാം തീയതി ഗവർണ്ണർ അനുമതി നൽകുകയും ചെയ്തു.

പിന്നാക്കവിഭാഗത്തിൽപ്പെട്ടവർക്കായി നിർമ്മിക്കപ്പെട്ട നിയമങ്ങളിൽ സുപ്രധാനമായ നിയമം

സംസ്ഥാനത്തെ വിവിധ വിഭാഗം ജനങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന ഒരു വിഭാഗമാണ് പട്ടികവർഗ്ഗവിഭാഗം. കേന്ദ്ര സംസ്ഥാന സർക്കാരുകൾ വാർഷിക ബഡ്ജറ്റിലൂടെ അത്തരക്കാരുടെ ഉന്നമനത്തിനായി വൻതുക നീക്കിവയ്ക്കുന്നുണ്ടെങ്കിലും കാര്യമായ നേട്ടമൊന്നുംതന്നെ ഈ രംഗത്ത് നേടാൻ സംസ്ഥാനത്തിനായിട്ടില്ല എന്നത് ഒരു വസ്തുതയാണ്. ഇന്ത്യൻ ഭരണഘടനയുടെ 46ാം അനുച്ഛേദത്തിൽ ദുർബല വിഭാഗങ്ങളെ, പ്രത്യേകിച്ചും പട്ടികഗോത്ര വർഗ്ഗക്കാരെ വിദ്യാഭ്യാസപരമായും സാമ്പത്തികമായും അഭിവൃദ്ധിപ്പെടുത്തേണ്ടതാണെന്നും ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരിക്കുന്നു. അപ്രകാരം അത്തരക്കാർക്ക് അർഹതപ്പെട്ട ഭൂമിയിൽനിന്നും ഒഴിവാക്കപ്പെട്ടതുമൂലം ഉളവായ ഗുരുതരമായ സാഹചര്യം മനസ്സിലാക്കിക്കൊണ്ട് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടുകൂടി നിർമ്മിക്കപ്പെട്ട ഒരു നിയമം എന്ന നിലയിൽ കേരള നിയമസഭ പാസ്സാക്കിയ ജനസൗഹൃദനിയമങ്ങളിലെ സുപ്രധാന നിയമം തന്നെയാണിത്.

(തുടരും...)

നിയമനിർമ്മാണ സഭയുടെ വികാസ പരിണാമങ്ങൾ : ഐക്യകേരള രൂപീകരണം വരെ

(2023 ഒക്ടോബർ ലക്കത്തിന്റെ തുടർച്ച)

നിവർത്തന പ്രക്ഷോഭവുമായി ബന്ധപ്പെട്ട നടന്ന സുപ്രധാന സംഭവമായിരുന്നു 1935 മേയ് 11 ന് നടത്തിയ പ്രസംഗത്തിന്റെ പേരിൽ പ്രക്ഷോഭ നേതാവ് സി.കേശവന്റെ അറസ്റ്റ്. എന്നാൽ പിന്നീട് പ്രക്ഷോഭകാരികളുടെ ആവശ്യങ്ങൾ സർക്കാർ അംഗീകരിച്ചു. അതിന്റെ ഫലമായി കരം തീരുവയുടെ പരിധി കുറച്ച് വോട്ടവകാശം കൂടുതൽ വിപുലമാക്കുകയും നിയോജകമണ്ഡലങ്ങൾ പുനർനിർണ്ണയം നടത്തി ദ്വിമണ്ഡലങ്ങളാക്കുകയും ചെയ്തു.

സി. കേശവൻ

നിയമസഭയിലെ നിശ്ചിത ശതമാനം സീറ്റുകൾ താഴ്ന്ന വിഭാഗങ്ങൾക്കായി സംവരണം ചെയ്തു. 1936 നവംബർ 12 ന് തിരുവിതാംകൂറിലെ മുഴുവൻ ക്ഷേത്രങ്ങളും എല്ലാ ജാതിക്കാർക്കും തുറന്നു കൊടുത്ത ക്ഷേത്രപ്രവേശന വിളംബരമായിരുന്നു നിവർത്തന പ്രക്ഷോഭത്തിന്റെ മറ്റൊരു നേട്ടം. 1937 ഏപ്രിൽ, മേയ് മാസങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ സംയുക്ത രാഷ്ട്രീയ കോൺഗ്രസിന്റെയും മറ്റ് പിന്നാക്ക വിഭാഗങ്ങളിലേയും സ്ഥാനാർത്ഥികൾ വിജയിച്ചു. 1938 ഫെബ്രുവരിയിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഹരിപുര സമ്മേളനത്തിൽ നാട്ടുരാജ്യങ്ങളിലെ കോൺഗ്രസ് കമ്മിറ്റികൾ അവിടങ്ങളിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ സജീവമായി ഇടപെടേണ്ടെന്നും എന്നാൽ പ്രക്ഷോഭങ്ങൾ തുടർന്നുകൊണ്ട് പോകുന്നതിന് സ്വതന്ത്ര സംഘടനകളെ പ്രോത്സാഹിപ്പിക്കണമെന്നും തീരുമാനിച്ചതോടെ സി.വി. കുഞ്ഞുരാമന്റെ അധ്യക്ഷതയിൽ ചേർന്ന പ്രമുഖ രാഷ്ട്രീയ നേതാക്കളുടെ യോഗം 'തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്' എന്ന പുതിയ രാഷ്ട്രീയ പാർട്ടിക്ക് രൂപം കൊടുക്കുകയും പട്ടം താണു പിള്ളയെ അതിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. തിരുവിതാംകൂറിൽ ഉത്തരവാദ ഭരണത്തിനായുള്ള പ്രക്ഷോഭം തുടങ്ങുക എന്നതായിരുന്നു സംഘടനയുടെ പ്രഖ്യാപിത ലക്ഷ്യം.


പട്ടം താണുപിള്ള

കൊച്ചിയിൽ 1938 ജനുവരി 4 ന് മൊണ്ടേഗ്-ചെംസ്ഫോർഡ് പരിഷ്ക്കാരങ്ങളുടെ ഭാഗമായി 1919 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിന്റെ മാതൃകയിൽ ദ്വിഭരണ സമ്പ്രദായം ഏർപ്പെടുത്തി. അതിലൂടെ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ അധികാരങ്ങൾ വർദ്ധിക്കുകയും ഗവൺമെന്റിന്റെ തെരഞ്ഞെടുത്ത ചില വകുപ്പുകളുടെ ഭരണം കൗൺസിലുമായി നേരിട്ടുത്തരവാദിത്തമുള്ള ഒരു മന്ത്രിയുടെ ചുമതലയിലാവുകയും ചെയ്തു. കൃഷി, മൃഗസംരക്ഷണം, സഹകരണം, ആയുർവേദം, പൊതുജനാരോഗ്യം, പഞ്ചായത്ത്, പിന്നാക്ക സമുദായോദ്ധാരണം, വ്യവസായം തുടങ്ങിയ വകുപ്പുകളാണ് മന്ത്രിയുടെ അധികാര പരിധിയിൽ നൽകിയത്. പ്രാരംഭ ഘട്ടത്തിൽ നാൽപ്പത്തഞ്ച് അംഗങ്ങളുമായി ആരംഭിച്ച കൗൺസിലിന്റെ അംഗസംഖ്യ അമ്പത്തെട്ടായി വർദ്ധിപ്പിക്കുകയും അതിൽ മുപ്പത്തെട്ട് പേർ തെരഞ്ഞെടുക്കപ്പെട്ടവരുമായിരുന്നു. കൊച്ചിയിൽ നടപ്പാക്കിയ ഈ പരിഷ്കാരം ബ്രിട്ടീഷ് പാർലമെന്റിന്റെ പ്രശംസ പിടിച്ചു പറ്റി. 1938 ജൂൺ 17 ന് അമ്പാട്ട് ശിവരാമമേനോൻ ഏകാംഗ മന്ത്രിയായി ചുമതലയേൽക്കുകയും ചെയ്തു. എന്നാൽ 1938 ആഗസ്റ്റ് 30 ന് അദ്ദേഹത്തിന്റെ മരണത്തെ തുടർന്ന് ഡോ.എ.ആർ.മേനോൻ ആ പദവി ഏറ്റെടുത്തു.

അമ്പാട്ട് ശിവരാമമേനോൻ

ഡോ. എ.ആർ. മേനോൻ

1942 ലെ അവിശ്വാസ പ്രമേയത്തെത്തുടർന്ന് എ.ആർ.മേനോൻ രാജി വച്ചതോടെ ടി.കെ.നായർ മന്ത്രിയായി ചുമതലയേറ്റു.


സി. രാജഗോപാലാചാരി

1935 ൽ മദ്രാസ് പ്രവിശ്യയിൽ മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലി, ലെജിസ്ലേറ്റീവ് കൗൺസിൽ എന്നീ രണ്ട് സഭകൾ രൂപം കൊണ്ടു. 1937 മുതൽ 1956 വരെയുള്ള ലെജിസ്ലേറ്റീവ് കൗൺസിലിൽ കോഴിപ്പുറത്ത് മാധവ മേനോൻ, എം.നാരായണ മേനോൻ, എസ്.കെ.ഷേഖ് റാവുത്തർ സാഹിബ്, ഉപ്പി സാഹിബ്, ടി.ടി.പി.കുഞ്ഞിപോക്കർ, കെ.ഗോപാലൻ, പി.പി.ഉമ്മർകോയ, നരസപ്പ എന്നിവർ അംഗങ്ങളായി. 1937 മുതൽ 1946 വരെയുള്ള കാലഘട്ടത്തിൽ മലബാറിനെ പ്രതിനിധീകരിച്ച് മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗങ്ങളായവരിൽ ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട്, എ.വി.കുട്ടിമാളു അമ്മ, എം.പി.ദാമോദരൻ എന്നിവരും ഉൾപ്പെടുന്നു. മദ്രാസ് പ്രവിശ്യയിൽ 1937 ൽ രാജഗോപാലാചാരിയുടെ നേതൃത്വത്തിൽ ആദ്യത്തെ ജനകീയ മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ കോങ്ങാട്ടിൽ രാമൻ മേനോൻ (കെ. രാമൻ മേനോൻ) മലബാറിൽ നിന്നുള്ള ആദ്യ മന്ത്രിസഭാംഗമായി. 1939 ൽ കെ.രാമൻ മേനോന്റെ മരണത്തെത്തുടർന്ന് ഒഴിവ് വന്ന സീറ്റിലേക്ക് ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് മത്സരിച്ച് വിജയിച്ചു. മദ്രാസിലെ രണ്ടാമത്തെ അസംബ്ലിയുടെ കാലഘട്ടം 1946 മുതൽ 1951 വരെയായിരുന്നു. കരം തീരുവ, ബിരുദം എന്നിവയ്ക്ക് പുറമേ എഴുത്തും വായനയും അറിയാവുന്നവർക്ക് അക്കാലയളവിൽ വോട്ടവകാശം ലഭിച്ചിരുന്നു.

കോങ്ങാട്ടിൽ രാമൻ മേനോൻ

കൊച്ചിയിൽ ദ്വിഭരണ സമ്പ്രദായം നടപ്പാക്കിയെങ്കിലും പുത്തൻ ഭരണ പരിഷ്കാരങ്ങൾ അവിടുത്തെ ജനത്തെ തൃപ്തിപ്പെടുത്തിയിരുന്നില്ല. അതോടെ ഉത്തരവാദഭരണത്തിനായുള്ള സമരം ശക്തമായി. 1941 ജനുവരിയിൽ വി.ആർ.കൃഷ്ണനെഴുത്തച്ഛനെ പ്രസിഡന്റാക്കി 'കൊച്ചിൻ സ്റ്റേറ്റ് പ്രജാമണ്ഡലം' എന്ന പുതിയ രാഷ്ട്രീയ കക്ഷി രൂപീകരിച്ചു. ദിവാൻ എ.എഫ്.ഡബ്ല്യൂ.ഡിക്സൺ ജനകീയ സമരമുറകളെ അടിച്ചമർത്താൻ രംഗത്തിറങ്ങി. 1945 മേയിൽ കൊച്ചി നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ പ്രജാമണ്ഡലത്തിന്റെ പന്ത്രണ്ട് അംഗങ്ങൾ വിജയിച്ചു. ദ്വിഭരണ സമ്പ്രദായം തുടർന്ന കൊച്ചിയിൽ 1946 മാർച്ചിൽ ഒരു മന്ത്രിയെ കൂടി നിയമിക്കുകയും ഏതാനും വകുപ്പുകളുടെ ചുമതല കൂടി മന്ത്രിമാർക്ക് നൽകുകയും ചെയ്തു. 1946 ൽ മന്ത്രിമാരുടെ എണ്ണം നാലാക്കി വർദ്ധിപ്പിച്ചു. 1946 ജൂലൈയിൽ എറണാകുളത്ത് ചേർന്ന പ്രജാമണ്ഡലത്തിന്റെ വാർഷിക യോഗത്തിൽ ഉത്തരവാദ ഭരണത്തിനായി പ്രക്ഷോഭമാരംഭിക്കാൻ തീരുമാനിച്ചു. ജൂലൈ 29 ഉത്തരവാദ ഭരണ ദിനമായി ആചരിക്കുകയും രാഷ്ട്രീയ അധികാരങ്ങൾ പൂർണ്ണമായും ജനങ്ങൾക്ക് കൈമാറണമെന്നാവശ്യപ്പെട്ട് അന്നേ ദിവസം യോഗങ്ങളും പ്രകടനങ്ങളും സംഘടിപ്പിക്കുകയും ചെയ്തു. നിയമസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഉത്തരവാദ ഭരണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് അന്നേ ദിവസം ഒരു മെമ്മോറിയൽ മഹാരാജാവിന് സമർപ്പിച്ചു.

ഇ. എം. എസ്


ടി. കെ. നായർ

പൊതുഭരണത്തിനായി ബജറ്റിൽ അനുവദിച്ച തുക തള്ളിക്കളഞ്ഞും മന്ത്രിമാരുടെ പേരിൽ അവിശ്വാസ പ്രമേയം പാസ്സാക്കിയും ജനകീയ സമരമുറകളെ ഭരണകൂടം അടിച്ചമർത്തി. ഇതിൽ പ്രതിഷേധിച്ച് രാജി വച്ച മന്ത്രിമാരോട് അധികാരമേൽക്കാൻ ദിവാൻ ആവശ്യപ്പെട്ടെങ്കിലും അവർ അതിന് തയ്യാറായില്ല. പ്രതിസന്ധി പരിഹരിക്കുന്നതിനായി ധനകാര്യം, നിയമം, ക്രമസമാധാനം എന്നീ വകുപ്പുകളൊഴികെയുള്ളവ ജനകീയ മന്ത്രിമാർക്ക് കൈമാറാൻ തീരുമാനിച്ചു. പ്രജാമണ്ഡലത്തിന്റെ നേതൃത്വത്തിൽ ടി.കെ. നായരുടെ പ്രോഗ്രസ്സീവ് പാർട്ടിയും കെ.അയ്യപ്പന്റെ സോഷ്യലിസ്റ്റ് പാർട്ടിയും ചേർന്ന് ഒരു ഐക്യമുന്നണി മന്ത്രിസഭ 1946 സെപ്റ്റംബർ 9 ന് അധികാരമേറ്റു. ഇതിനിടയിൽ ഉത്തരവാദ ഭരണം കൊച്ചിയിൽ നടപ്പാക്കണമെന്ന് ഉപദേശിച്ചുകൊണ്ട് ഇടക്കാല ദേശീയ ഗവൺമെന്റിന്റെ തലവനായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ സന്ദേശം 1947 ജൂലൈയിൽ മഹാരാജാവിന് ലഭിച്ചു. തുടർന്ന് ധനകാര്യം, നിയമം, ക്രമസമാധാനപാലനം എന്നീ വകുപ്പുകൾ ദിവാനിൽ നിന്ന് എടുത്തു മാറ്റി ജനകീയ മന്ത്രിമാരുടെ കീഴിലാക്കി. ഈ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന മന്ത്രിയെ രാജാവിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കുകയും ദിവാൻ പദവി നിർത്തലാക്കുകയും ചെയ്തു. 1947 ആഗസ്റ്റ് 14 ന് കൊച്ചിയിൽ ഉത്തരവാദഭരണം അനുവദിച്ചു. അതേവർഷം സെപ്റ്റംബർ 1 ന് പനമ്പിള്ളി ഗോവിന്ദ മേനോന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ നിലവിൽ വന്നു. എന്നാൽ ഒക്ടോബർ 17 ന് രാജേന്ദ്ര മൈതാനത്ത് നടന്ന പോലീസ് ലാത്തി ചാർജ്ജിനെ തുടർന്നുണ്ടായ പ്രശ്നങ്ങൾ മന്ത്രിസഭയുടെ രാജിയിൽ കലാശിച്ചു. ടി.കെ.നായർ പ്രധാനമന്ത്രിയും, പറമ്പിൽ ലോനപ്പൻ, കെ.ബാലകൃഷ്ണ മേനോൻ എന്നിവർ മന്ത്രിമാരുമായി പുതിയ മന്ത്രിസഭ 1947 ഒക്ടോബറിൽ അധികാരമേറ്റു. 1948 ൽ പ്രായപൂർത്തി വോട്ടവകാശം ഏർപ്പെടുത്തി ലെജിസ്ലേറ്റീവ് കൗൺസിലിനെ ലെജിസ്ലേറ്റീവ് അസംബ്ലിയായി പ്രഖ്യാപിക്കുകയും ചെയ്തു. പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ ഇക്കണ്ടവാര്യരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ 1948 സെപ്റ്റംബർ 20 ന് അധികാരമേറ്റു.

പനമ്പിള്ളി ഗോവിന്ദമേനോൻ

തിരുവിതാംകൂറിൽ ദിവാൻ സർ സി.പി. യുടെ സ്വതന്ത്ര തിരുവിതാംകൂർ വാദം ഏറെ വിവാദങ്ങളുണ്ടാക്കുകയും തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് അതിനെതിരെ ശക്തമായി സമരമുഖത്തിറങ്ങുകയും ചെയ്തു. സമരങ്ങളുടെ അനുരണനമായിരുന്നു 1947 ജൂലൈ 25 ന് ദിവാന് വെട്ടേറ്റത്. തിരുവിതാംകൂറിൽ അരങ്ങേറിയ സംഭവവികാസങ്ങളെത്തുടർന്ന് തിരുവിതാംകൂറിനെ ഔപചാരികമായി ഇന്ത്യൻ യൂണിയന്റെ ഭാഗമാക്കുന്നതിനുള്ള സമ്മതം ശ്രീചിത്തിര തിരുനാൾ മഹാരാജാവ് വൈസ്രോയി മൗണ്ട് ബാറ്റൺ പ്രഭുവിനെ അറിയിച്ചു.

പി. ജി. എൻ. ഉണ്ണിത്താൻ

1947 ആഗസ്റ്റ് 19 ന് സർ സി.പി. ദിവാൻ പദവി ഒഴിയുകയും പി.ജി.എൻ. ഉണ്ണിത്താൻ പുതിയ ദിവാനായി ചുമതലയേൽക്കുകയും ചെയ്തു. 1947 സെപ്റ്റംബർ 4 ന് തിരുവിതാംകൂറിൽ ഉത്തരവാദ ഭരണ പ്രഖ്യാപനം ഉണ്ടാകുകയും പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തി തിരുവിതാംകൂറിന് ഒരു ഭരണഘടനാ നിർമ്മാണ സമിതി രൂപീകരിക്കാനുള്ള വിളംബരം ശ്രീചിത്തിര തിരുനാൾ മഹാരാജാവ് പ്രഖ്യാപിക്കുകയും ചെയ്തു. 1948 ഫെബ്രുവരിയിൽ പ്രതിനിധിസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ സ്റ്റേറ്റ് കോൺഗ്രസിന് വമ്പിച്ച ഭൂരിപക്ഷം ലഭിക്കുകയും പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ ടി.എം. വർഗ്ഗീസ്, സി.കേശവൻ എന്നിവരുൾപ്പെട്ട ആദ്യത്തെ ജനകീയ മന്ത്രിസഭ 1948

സർ സി. പി. രാമസ്വാമി അയ്യർ

അറിയിപ്പ്
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

മാർച്ച് 24 ന് അധികാരമേൽക്കുകയും ചെയ്തു. എന്നാൽ അഭിപ്രായ ഭിന്നതയെ തുടർന്ന് 1948 ഒക്ടോബർ 22 ന് പട്ടം മന്ത്രിസഭ രാജിവച്ചു. തുടർന്ന് പറവൂർ ടി.കെ.നാരായണപിള്ളയുടെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ അധികാരമേറ്റു. ഈ കാലയളവിലാണ് തിരു-കൊച്ചി സംയോജനം നടന്നത്. തിരു-കൊച്ചി സംയോജനത്തോടെ തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിര തിരുനാൾ രാജപ്രമുഖനായി, കൊച്ചി രാജാവ് സമസ്ത അധികാരങ്ങളും ത്യജിച്ചു. കൊച്ചി പ്രജാമണ്ഡലം കോൺഗ്രസ്സിൽ ലയിക്കുകയും കൊച്ചി കോൺഗ്രസ്സും തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സും ഒന്നാകുകയും പറവൂർ ടി.കെ.നാരായണ പിള്ളയുടെ നേതൃത്വത്തിൽ തിരുവിതാംകൂറിനെ പ്രതിനിധാനം ചെയ്ത്

പറവൂർ ടി. കെ. നാരായണപിള്ള

എ. ജെ. ജോൺ, ഡോ. ഇ. കെ. മാധവൻ, ടി. ഇ. അബ്ദുള്ള എന്നിവരും കൊച്ചിയെ പ്രതിനിധീകരിച്ച് ഇക്കണ്ടവാര്യർ, കെ. അയ്യപ്പൻ, പനമ്പിള്ളി ഗോവിന്ദമേനോൻ എന്നിവരും ഉൾക്കൊള്ളുന്ന മന്ത്രിസഭ 1949 ജൂലൈ 1 ന് അധികാരമേൽക്കുകയും ചെയ്തു. എന്നാൽ ഈ മന്ത്രിസഭയ്ക്ക് 1951 ഫെബ്രുവരി വരെയേ അധികാരത്തിൽ തുടരാൻ കഴിഞ്ഞുള്ളൂ. തുടർന്ന് സി.കേശവന്റെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ 1951 ഫെബ്രുവരിയിൽ നിലവിൽ വന്നു.

1951-52 കാലത്ത് നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് നാൽപത്തിനാല് സീറ്റ് ലഭിച്ചു. തമിഴ്നാട് കോൺഗ്രസിന്റെ പിന്തുണയോടെ 1952 മാർച്ച് 12 ന് എ.ജെ.ജോണിന്റെ നേതൃത്വത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭ അധികാരത്തിൽ വന്നു. എന്നാൽ പിന്നീട് തമിഴ്നാട് കോൺഗ്രസ് പിന്തുണ പിൻവലിച്ചതോടെ ആ മന്ത്രിസഭയ്ക്കും അധികനാൾ തുടരാനായില്ല. 1954 ൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്-പി.എസ്.പി. സഖ്യത്തിൽ പുതിയ മന്ത്രിസഭ പിറന്നു. പട്ടം താണുപിള്ളയായിരുന്നു പുതിയ മന്ത്രിസഭയെ നയിച്ചത്. എന്നാൽ തമിഴ് പ്രദേശങ്ങൾ മദ്രാസ് സംസ്ഥാനത്തോട് ചേർക്കണമെന്നാവശ്യപ്പെട്ട് നടന്ന സമരം അക്രമാസക്തമായതോടെ 1955 ൽ പട്ടം മന്ത്രിസഭ രാജിവയ്ക്കുകയും പനമ്പിള്ളി ഗോവിന്ദ മേനോൻ മുഖ്യമന്ത്രിയായി പുതിയ മന്ത്രിസഭ നിലവിൽ വരികയും ചെയ്തു. 1956 ൽ പനമ്പിള്ളി മന്ത്രിസഭയും നിലംപൊത്തിയതോടെ തിരു-കൊച്ചി ആദ്യമായി പ്രസിഡന്റ് ഭരണത്തിൻ കീഴിൽ വന്നു.

ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണം കേന്ദ്രസർക്കാർ പ്രഖ്യാപിച്ചതോടെ 1956 നവംബർ 1 ന് പഴയ തിരുവിതാംകൂർ സംസ്ഥാനത്തിലെ തെക്കൻ തമിഴ് ഭാഗങ്ങൾ ഒഴിവാക്കി കൊച്ചി നാട്ടുരാജ്യവും മദിരാശി പ്രവിശ്യയിലെ മലബാർ ജില്ലയും മൈസൂർ നാട്ടുരാജ്യത്തിന്റെ ഭാഗമായിരുന്ന തെക്കൻ കാനറ ജില്ലയുടെ മലയാളി ഭൂരിപക്ഷ പ്രദേശങ്ങളും ചേർത്ത് ഐക്യ കേരളം രൂപം കൊണ്ടു. ഇന്ത്യയുടെ റിപ്പബ്ലിക്കൻ ഭരണഘടന പ്രകാരമുള്ള രണ്ടാമത്തെ ലോക്സഭാ തെരഞ്ഞെടുപ്പിനൊപ്പം ഐക്യ കേരളത്തിലെ പ്രഥമ നിയമസഭാ തെരഞ്ഞെടുപ്പ് 1957 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടന്നു. ഐക്യ കേരളത്തിലെ ആദ്യ പൊതുതെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് 65 സീറ്റ് ലഭിക്കുകയും പാർട്ടി പിന്തുണയോടെ മത്സരിച്ച 5 സ്വതന്ത്രർ വിജയിക്കുകയും ചെയ്തതോടെ ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ആദ്യ മന്ത്രിസഭ ചരിത്രത്താളുകളിൽ ഇടം പിടിച്ച് 1957 ഏപ്രിൽ 1 ന് കേരളത്തിൽ അധികാരമേറ്റു.

തയ്യാറാക്കിയത് :
രാഖി കെ.വി.,
സെക്ഷൻ ഓഫീസർ

വലയിൽ നിന്ന്


Pallom,
15th Oct. ...

Dear Sir / Madam

THE LOST CHILD, the first photo-play produced by the TRAVANCORE NATIONAL PICTURES, Trivandrum, will be released at the Capitol Cinema Hall from Thursday the 23rd October 1930 at 6-30 & 9-30 p. m. This picture depicts clearly the experiences of human life in its different phases. It was completed at a great cost and wearied labour.

We heartily desire the public will encourage us in our novel enterprise.

Yours faithfully,
THE TRAVANCORE NATIONAL PICTURES.

1930 ൽ പുറത്തിറങ്ങിയ മലയാളത്തിലെ ആദ്യ ചലച്ചിത്രം വിഗതകുമാരന്റെ പ്രദർശന ക്ഷണപത്രിക

പി.പി. മുഹമ്മദ് ഫൈസൽ എം.പി.യുടെ ലോക്സഭാംഗത്വം പുനഃസ്ഥാപിച്ചു

ലക്ഷദ്വീപ് എം.പി. യും എൻ.സി.പി. അംഗവുമായ പി.പി.മുഹമ്മദ് ഫൈസലിന്റെ ലോക്സഭാംഗത്വം ലോക്സഭാ സെക്രട്ടേറിയറ്റ് പുനഃസ്ഥാപിച്ചു. എം.പി.സ്ഥാനം വഹിക്കുന്നതിനുള്ള അയോഗ്യത സുപ്രീം കോടതി കഴിഞ്ഞമാസം റദ്ദാക്കിയ സാഹചര്യത്തിലാണ് നടപടി. വധശ്രമകേസിൽ ഫൈസൽ കുറ്റക്കാരനാണെന്ന വിചാരണക്കോടതിയുടെ വിധി കേരള ഹൈക്കോടതി ശരിവച്ചതോടെയാണ് മുഹമ്മദ് ഫൈസലിനെ അയോഗ്യനാക്കിക്കൊണ്ട് ഒക്ടോബർ 4 ന് ലോക്സഭാ സെക്രട്ടേറിയറ്റ് ഉത്തരവിറക്കിയത്. എന്നാൽ കേരള ഹൈക്കോടതിയുടെ വിധി ഒക്ടോബർ 9 ന് സുപ്രീം കോടതി സ്റ്റേ ചെയ്തു.

ജനപ്രാതിനിധ്യ നിയമത്തിലെ എട്ടാം വകുപ്പും ഭരണഘടനയുടെ 102(1) (ഇ) അനുച്ഛേദവും പ്രകാരം അംഗത്വത്തിൽ നിന്ന് അയോഗ്യനാക്കിയുള്ള ഉത്തരവ് തുടർ ജുഡീഷ്യൽ നടപടിക്രമങ്ങൾക്ക് വിധേയമായി മരവിപ്പിക്കുന്നതായി ലോക്സഭാ സെക്രട്ടറി ജനറൽ ഉത്പൽകുമാർ സിങ് ലോക്സഭാംഗത്വം പുനഃസ്ഥാപിച്ചു കൊണ്ടുള്ള ഉത്തരവിൽ വ്യക്തമാക്കി.

വേർപാട്

ജസ്റ്റിസ് ഫാത്തിമ ബീവി

തമിഴ്നാട് മുൻ ഗവർണ്ണറും സുപ്രീം കോടതിയിലെ ആദ്യ വനിതാ ജസ്റ്റിസുമായ ജസ്റ്റിസ് എം.ഫാത്തിമ ബീവി (96) 2023 നവംബർ 23 ന് അന്തരിച്ചു. 1997 മുതൽ 2001 വരെയുള്ള കാലയളവിലാണ് തമിഴ്നാട് ഗവർണ്ണറായി പ്രവർത്തിച്ചത്. സാമൂഹിക സേവന, സിവിൽ സർവ്വീസ് മേഖലകളിലെ സമഗ്ര സംഭാവനകൾക്ക് കേരള സർക്കാരിന്റെ 2023 വർഷത്തെ കേരള പ്രഭ പുരസ്കാരം ലഭിച്ചിട്ടുണ്ട്. 1927 ൽ പത്തനംതിട്ടയിൽ ജനിച്ച ഫാത്തിമ ബീവി ഹൈക്കോടതി ജഡ്ജിയാവുന്ന ആദ്യ മുസ്ലീം വനിതയാണ്. 1950 ൽ അഭിഭാഷകയായി എൻറോൾ ചെയ്ത ഫാത്തിമ ബീവി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, ജില്ലാ സെഷൻസ് കോടതി ജഡ്ജി, ഹൈക്കോടതി ജഡ്ജി, ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗം എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അവിവാഹിതയാണ്.

പി. സിറിയക് ജോൺ, മുൻ മന്ത്രി

മുൻ മന്ത്രിയും കോൺഗ്രസ് നേതാവും കർഷക കോൺഗ്രസ് സംസ്ഥാന പ്രസിഡന്റുമായിരുന്ന കെ.പി.സി.സി. നിർവ്വാഹക സമിതി അംഗം പി. സിറിയക് ജോൺ (91) 2023 നവംബർ 30 ന് അന്തരിച്ചു. 1982-83 കാലയളവിൽ സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയായിരുന്നു. കൽപറ്റ മണ്ഡലത്തിൽ നിന്ന് ആദ്യമായി നിയമസഭയിലെത്തിയ അദ്ദേഹം തിരുവമ്പാടി മണ്ഡലത്തെ പ്രതിനിധീകരിച്ച് മൂന്ന് തവണ നിയമസഭാംഗമായി. താമരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ, കർഷക കോൺഗ്രസ് സംസ്ഥാന കമ്മിറ്റി, എൻ.സി.പി. സംസ്ഥാന കമ്മിറ്റി എന്നിവയുടെ പ്രസിഡന്റായും റബ്ബർ ബോർഡ് അംഗമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ അന്നക്കുട്ടി, അഞ്ച് മക്കളുണ്ട്.

ആർ.രാമചന്ദ്രൻ, മുൻ നിയമസഭാംഗം

മുൻ എം.എൽ.എ.യും സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗവുമായ ആർ.രാമചന്ദ്രൻ (71) 2023 നവംബർ 21 ന് അന്തരിച്ചു. എ.ഐ.എസ്.എഫിലൂടെ പൊതുരംഗത്തെത്തിയ അദ്ദേഹം 2016 ൽ നടന്ന തെരഞ്ഞെടുപ്പിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ നിന്ന് നിയമസഭാംഗമായി. സി.പി.ഐ. കൊല്ലം ജില്ലാ കമ്മിറ്റി സെക്രട്ടറി, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം, കൊല്ലം ജില്ലാ കൗൺസിൽ അംഗം, കൊല്ലം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, എൽ.ഡി.എഫ്. കൊല്ലം ജില്ലാ കൺവീനർ, വിവിധ ട്രേഡ് യൂണിയനുകളുടെ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ പ്രിയദർശിനി, ഒരു മകളുണ്ട്.

നിയമസഭാ പ്രസംഗങ്ങളിലൂടെ

വിദ്യാഭ്യാസ പുരോഗതിക്ക് നിയമനിർമ്മാണം അത്യന്താപേക്ഷിതം

1967 ലെ യൂണിവേഴ്സിറ്റി ബിൽ കേരള നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ ചർച്ചയിൽ പങ്കെടുത്ത് കെ.എം. ജോർജ്ജ് 1967 ആഗസ്റ്റ് 1 ന് സഭാതലത്തിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്.

“സർ, സുപ്രധാനമായ ഈ ബില്ലിനെ സംബന്ധിച്ച് ഈ ബിൽ സർക്കുലേറ്റ് ചെയ്യണമെന്നുള്ള ഭേദഗതി ഞാൻ നൽകിയിട്ടുള്ളതുകൊണ്ടും ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നതുകൊണ്ടും ചുരുങ്ങിയ വാക്കുകളിൽ ഏതാനും കാര്യങ്ങൾ പറയാൻ മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. ഈ ബില്ലിന്റെ ചർച്ചയിൽ പങ്ക് കൊള്ളുമ്പോൾ, ഇതിന്റെ ചർച്ച എവിടംവരെ പോയി എന്നുള്ളതിനെപ്പറ്റി പരാമർശിക്കാതെ നിവൃത്തിയില്ലാതായിട്ടുണ്ട്. ഇവിടെ പറഞ്ഞ ചില കാര്യങ്ങൾ ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഈ ചർച്ച ഒരു ബലപരീക്ഷണത്തിന്റെ രീതിയിലാക്കി മാറ്റിയതിൽ എനിക്ക് ഖേദമുണ്ട്: വിമോചന സമരത്തിന്റെ ദുർഭൂതങ്ങളെന്നും, അമേരിക്കൻ സംസ്കാരത്തിന്റെയും കൗബോയ് സംസ്കാരത്തിന്റെയും ഏജന്റുമാർ എന്നും ആക്ഷേപിക്കുക പോലും ചെയ്തു. അമേരിക്കൻ സംസ്കാരമായാലും റഷ്യൻ സംസ്കാരമായാലും ചൈനീസ് സംസ്കാരമായാലും മറ്റ് എന്തു സംസ്കാരമായാലും കൊള്ളാം, നമ്മുടെ യൂണിവേഴ്സിറ്റി കേരളത്തിന്റെയും ഭാരതത്തിന്റെയും സംസ്കാരങ്ങൾ ഉൾക്കൊണ്ട് കൊണ്ടുള്ള ഒരു യൂണിവേഴ്സിറ്റിയായി വളർന്നു വരേണ്ടത് വളരെ അത്യാവശ്യമാണ്. അതുകൊണ്ട് സുപ്രധാനമായ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം വളരെ കൂലങ്കഷമായി, ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ആദ്യം അദ്ദേഹത്തിന്റെ ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്കാരത്തിലും മണ്ണിലും ഉറച്ചു നിന്നുകൊണ്ടു, എങ്ങനെ കേരളത്തിലെ ഭാവിതലമുറയുടെ വിദ്യാഭ്യാസം കരുപ്പിടിപ്പിക്കേണ്ടത് എന്നുള്ളത് മുൻനിർത്തിക്കൊണ്ട് നിയമനിർമ്മാണം നടത്തണമെന്നാണ് ഞാൻ പറയുന്നത്. ആ ശ്രമത്തിന് ഇത്തരത്തിലുള്ള പരാമർശനങ്ങൾക്ക് അവസരമുണ്ടെന്ന് തോന്നുന്നില്ല. ഏതായാലും ശരി ഒരു കാര്യം വ്യക്തമാണ്, അമേരിക്കയുടെ സൗജന്യം കിട്ടിയില്ലെങ്കിൽ നമ്മുടെ പ്രാഥമിക വിദ്യാലയങ്ങൾ തുറക്കാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിലാണ് നമ്മൾ ഇന്ന്. ഞാൻ അമേരിക്കയുടെ വക്താവായിട്ടല്ല, ഇൻഡ്യയുടെ വക്താവായിട്ടാണ് ഇതു പറയുന്നത്. നമ്മുടെ യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം മാത്രമാണ് ഞാൻ പറയുന്നത്.

അമേരിക്കൻ ഇൻഫർമേഷൻ സെന്ററിന്റെ മുൻപിൽ എന്തോ കണ്ടതുകൊണ്ട് സഹിക്കാൻ വയ്യാത്ത ആളുകളോട് ഞാൻ ചോദിക്കുകയാണ്, അമേരിക്കൻ പാൽപ്പൊടിയും ഗോതമ്പും കിട്ടിയില്ലെങ്കിൽ ഇവിടത്തെ പ്രാഥമിക വിദ്യാലയങ്ങൾ തുറക്കാൻ സാധിക്കുമോ എന്ന്. അതാണ് ഇന്നത്തെ സ്ഥിതി. അല്ലെങ്കിൽ ശാപ്പാടുണ്ടായിട്ട് പിന്നീട് സ്കൂളുകൾ തുറന്നാൽ മതിയെന്നുവയ്ക്കണം. അതുകൊണ്ട് ഒരു സംസ്കാരത്തേയും ആക്ഷേപിക്കേണ്ടതില്ല. എല്ലാ സംസ്കാരത്തിലുമുള്ള നല്ലത് ഉൾക്കൊള്ളാനും ഇൻഡ്യൻ സംസ്കാരത്തിൽ ഉറച്ചു നിൽക്കാനും നാം പഠിക്കണം.

വിലകൊടുത്തിട്ടായാലും ഒരാഴ്ച അവരിൽനിന്ന് ഗോതമ്പ് കിട്ടിയില്ലെങ്കിൽ നമ്മുടെ പള്ളിക്കൂടങ്ങളെല്ലാം അടച്ചിടേണ്ട സ്ഥിതിയായിരിക്കും ഉണ്ടാവുന്നത്. ഇരുപതുകൊല്ലമായിട്ടും ഇതു മാറ്റാൻ കഴിഞ്ഞിട്ടില്ലെന്നു പറയുമായിരിക്കാം. അതിൽ വേദനയുള്ളവനും അഭിപ്രായവ്യത്യാസമുള്ളവനുമാണ് ഞാൻ. അതുകൊണ്ട് ഇതിൽ വിഷമമൊന്നുമില്ല. ആ നിലയ്ക്ക് ചിന്തിക്കാനല്ലാതെ അത്രമാത്രം താണലെവലിലേക്കു പോയി ഒരോരുത്തരേയും ആക്ഷേപിക്കേണ്ട കാര്യമില്ല. ഇന്നത്തെ നിലയിൽ ഇതേ സാധിക്കുകയുള്ളൂ. ഇന്നത്തെ നിലയിൽ ലോകം ഒറ്റ തറവാടാണെന്നുള്ള നിലയിൽ കാണണം. അതല്ലാതെ മറ്റു തരത്തിൽ പറയുന്നതുകൊണ്ട് യാതൊരു കാര്യവുമില്ല. ഈ നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി മറ്റു വിദ്യാഭ്യാസ ധുരന്ധരന്മാരുടെ സമീപനത്തേക്കാൾ വളരെയേറെ പ്രായോഗികമായ സമീപനം എടുത്തതിൽ ഞാൻ സന്തോഷിക്കുകയാണ്. ഈ നിയമനിർമ്മാണം നമുക്കിന്ന് ആവശ്യമായി വന്നിട്ടുണ്ട് എന്നുള്ളതിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല.

അതുപോലെതന്നെ സ്വകാര്യമേഖലയെ സംബന്ധിച്ചും പൊതുമേഖലയെ സംബന്ധിച്ചും ഇവിടെ പരാമർശനങ്ങളുണ്ടായി. ഏതു കാര്യത്തിലും നമ്മളെല്ലാവരും ഈ നാട്ടുകാരാണെന്നും നമ്മുടെ ആളുകളാണ് ഇതൊക്കെ ചെയ്യുന്നതെന്നും മറന്നിട്ട് കാര്യമില്ല. ഇന്ന് ഇവിടത്തെ ഗവൺമെന്റ് കോളേജിൽ എൽ.എൽ.ബി. പരീക്ഷക്ക് മുന്നൂറ് കുട്ടികളെ എടുത്തു പഠിപ്പിക്കണമെന്ന് ഗവൺമെന്റ് ഒരു ഓർഡർ കൊടുത്തിട്ടുണ്ട്. പക്ഷേ ലാ കോളേജ് പ്രിൻസിപ്പാൾ അതിന് അനുവദിക്കുന്നില്ല. ഇതിനുള്ള ആപ്ലിക്കേഷൻ ഫാറം പോലും കൊടുക്കാൻ അദ്ദേഹം മടിക്കുന്നു. വീണ്ടും ഗവൺമെന്റ് ഇടപെട്ടില്ലെങ്കിൽ ഇതു നടക്കുകയുമില്ല. അതുകൊണ്ട് കുറ്റവും കുറവും സ്വകാര്യമേഖലയിൽ മാത്രമല്ല പൊതുമേഖലയിലും ഉണ്ട്.സ്വകാര്യമേഖലയിലും പൊതുമേഖലയിലും പ്രവർത്തിക്കുന്നവരെല്ലാം മലയാളികളാണ്. ഈ രണ്ടു മേഖലകളേയും നന്നാക്കാനും മെച്ചപ്പെടുത്താനും നോക്കാതെ മറ്റു തരത്തിലുള്ള വിമർശനങ്ങൾ കൊണ്ടു വിശേഷമില്ല.

പിന്നെ ഇവിടെ വിമോചനസമരത്തെപ്പറ്റി പറഞ്ഞുകേട്ടു. സർ, അതു പറയാനും കേൾക്കാനും വാസ്തവത്തിൽ ഇഷ്ടമില്ലാത്തവനാണ് ഞാൻ. പക്ഷേ അങ്ങനെ നടത്തിയതിൽ എനിക്കും പങ്കുണ്ടായിരുന്നു. അതിൽ ഞാൻ അഭിമാനം കൊള്ളുന്നു. കാരണം, കേരളത്തിലെ ജനങ്ങളാണ് അത് നടത്തിയത്. ഇനിയും കേരളത്തിലെ ജനങ്ങൾക്ക് വേണമെന്നുതോന്നുകയാണെങ്കിൽ നടത്തും. ജനങ്ങൾക്ക് ഇഷ്ടമില്ലാത്ത പ്രവൃത്തി നടത്തിയാൽ ഇവിടെ ഒരു ഗവൺമെന്റ് നിലനിൽക്കുകയില്ല. വിമോചനസമരമെന്നത് കടലാസ് പുലിയല്ല. അത് ജനങ്ങൾ വിചാരിച്ചാൽ ഇനിയും ഉണ്ടാകും. ഇൻഡ്യാ ഗവൺമെന്റ് അത്ര കടലാസ് കടുവായുമായിപ്പോവുകയില്ല. ഞാൻ കൂടുതൽ പറയുന്നില്ല. അതുകൊണ്ട് ഇങ്ങനെയുള്ള വിമർശനങ്ങൾ ആവശ്യമില്ല. കുത്തിക്കുത്തി പറഞ്ഞാൽ നിങ്ങൾ തന്നെ ബുദ്ധിമുട്ടേണ്ടി വരും.

ശ്രീ. കെ. എം. ജോർജ്ജ്, നിങ്ങൾ വിമോചനസമരം നടത്തുമോ, എന്നു ചോദിച്ചു. അദ്ദേഹം ഈ വാക്കു പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത്രയും പറയേണ്ടി വന്നത്. അല്ലാതെ ഞാനും എന്റെ സുഹൃത്തുക്കളും ഈ വാക്ക് പറയാൻ ഇഷ്ടപ്പെടുന്നില്ല. വെറുതെ പുണ്ണിൽ കുത്തിയിട്ട് കാര്യമില്ല. പക്ഷെ അത് ഇനിയും ചിലപ്പോൾ നടന്നു എന്നുവരും. വേറെ ആരും പറഞ്ഞതുകൊണ്ടല്ല, മറ്റു രാജ്യങ്ങളെ ആശ്രയിച്ചുകൊണ്ടല്ല, ഈ മണ്ണിൽ ജനിച്ചു വളർന്ന ആളുകൾ ഈ നാട്ടിലെ പ്രചോദനം ഉൾക്കൊണ്ട് മുമ്പ് നടത്തി, ഇനിയും നടത്തും. അതുകൊണ്ട് ഈശ്വരനെ വിചാരിച്ച് ഈ കാര്യങ്ങളെക്കുറിച്ച് അധികം പറഞ്ഞ് സമയം നഷ്ടപ്പെടുത്തരുതെന്ന് എനിക്ക് അപേക്ഷയുണ്ട്.

ഈ നിയമനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ കേരള യൂണിവേഴ്സിറ്റിയെ എങ്ങനെ ഇൻഡ്യയിലെ ഏറ്റവും മെച്ചപ്പെട്ട യൂണിവേഴ്സിറ്റി ആക്കാം എന്നുള്ള കാര്യത്തെപ്പറ്റി ആലോചിച്ച് എല്ലാവരും സഹകരിച്ച് എന്താണ് ചെയ്യേണ്ടതെന്നു വച്ചാൽ അതിനു എല്ലാവിധ പിന്തുണയും തരാൻ ഞങ്ങൾ തയ്യാറാണ്. സ്വകാര്യമേഖല വേണമെന്നാണ് ഭരണഘടന തീരുമാനിച്ചിട്ടുള്ളത്. ഇൻഡ്യയിലെ എല്ലാ ജനവിഭാഗങ്ങളും ഇതിനെ അനുകൂലിക്കുന്നുണ്ട്. ഇൻഡ്യൻ ഭരണഘടനയനുസരിച്ച് പ്രത്യേക ന്യൂനപക്ഷ സംസ്കാരങ്ങൾ അവ മുസ്ലീം സമുദായമാകട്ടെ, ഹൈന്ദവ സംസ്കാരമാകട്ടെ, ബൗദ്ധ സംസ്കാരമാകട്ടെ, മറ്റേതു ന്യൂനപക്ഷ സംസ്കാരമാകട്ടെ ഇങ്ങനെയുള്ള സംസ്കാരങ്ങൾ ഈ രാജ്യത്ത് നിലനിൽക്കണമെന്നുള്ള ആഗ്രഹം ഈ രാജ്യത്തെ ജനങ്ങൾക്ക് ഉള്ളതുകൊണ്ടാണ് അത് ഭരണഘടനയിൽ എഴുതിച്ചേർത്തിട്ടുള്ളത്.

സുപ്രീം കോടതി ഇതേപ്പറ്റി പറഞ്ഞിരിക്കുന്നത് ഇൻഡ്യൻ സംസ്കാരം എന്നു പറയുന്നത് എല്ലാ സംസ്കാരങ്ങളും അലിഞ്ഞു ചേർന്നിട്ടുള്ള വിശ്വോത്തരമായ സംസ്കാരമാണ് എന്നാണ്. എന്തെല്ലാം ന്യൂനതകൾ സ്വകാര്യ മേഖലയിലുണ്ടോ അതെല്ലാം തിരുത്തുന്നതിനു വേണ്ടി ശ്രമിക്കണം. ഇങ്ങനെയൊക്കെയാണെങ്കിലും സ്വകാര്യമേഖലയിൽ കൈക്കൂലിയോ, ലോട്ടറിയോ മറ്റോ അനുവദിക്കണമെന്ന അഭിപ്രായക്കാരനല്ല ഞാൻ. ഒരിക്കലും അത് ചെയ്യാൻ പാടില്ല. പക്ഷേ സ്വകാര്യ മേഖല ഇല്ലെങ്കിൽ ആരോഗ്യകരമായ കോമ്പറ്റീഷൻ ഇല്ലെങ്കിൽ ഉന്നതമായ ഒരു സംസ്കാരം പൊതുമേഖല കൊണ്ടുമാത്രം ഉണ്ടാക്കാമെന്ന് തോന്നുന്നില്ല. അതുകൊണ്ട് സ്വകാര്യമേഖലയെ നശിപ്പിക്കരുത്. സ്വകാര്യമേഖലയിലുള്ള സ്ഥാപനങ്ങളുടെ കുറ്റങ്ങൾ തിരുത്തുന്നതിന് ന്യായമായ പരിശോധനയും മേൽനോട്ടവും ഗവൺമെന്റിനു വേണ്ടതാണ്. ആ നിലയ്ക്ക് ബില്ലിൽ ചേർത്തിട്ടുള്ള വകുപ്പുകളിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അതു തിരുത്തണം. അത് ചെയ്യുന്നതിൽ ആക്ഷേപമില്ല.

അതേ സമയം നമ്മുടെ യൂണിവേഴ്സിറ്റിയിലുള്ള വിവിധ കൗൺസിലുകളായാലും, സിൻഡിക്കേറ്റായാലും, സെനറ്റായാലും ഇതിലേക്കെല്ലാം തെരഞ്ഞെടുപ്പു നടത്തുന്നത് യോഗ്യതയുള്ള ആളുകളെ ആയിരിക്കണം. "Disqualifications for Membership" ക്ലോസ്സ് 27 ൽ നിശ്ചയിച്ചിട്ടുണ്ട്. എനിക്കു പറയാനുള്ളത് അതിന് പകരം "Qualification for Membership" നിശ്ചയിക്കുക ആയിരിക്കും നല്ലത് എന്നാണ്. ഇന്നത്തെ ജനാധിപത്യ പുരോഗതിയിൽ ഒരു സമിതിയിലേക്കോ അക്കാഡമിക് കൗൺസിലിലേക്കോ, സെനറ്റിലേക്കോ, യോഗ്യതയില്ലാത്തവരെ തെരഞ്ഞെടുക്കാൻ പാടില്ലെന്നാണ്. മെമ്പർമാർക്ക് നിശ്ചിത യോഗ്യതകൾ വയ്ക്കുകയായിരിക്കും കുറെക്കൂടെ നല്ലത്. അതുപോലെതന്നെ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലോ, ഏതെങ്കിലും ഒരു സംഘടനയുടെ അടിസ്ഥാനത്തിലോ മെമ്പർഷിപ്പ് കൊടുക്കുന്നത് ശരിയാണോ എന്ന് നമ്മൾ ആലോചിക്കണം.

കേരള യൂണിവേഴ്സിറ്റിയെപ്പോലെ പരീക്ഷ നടത്തുന്നതിലും മറ്റും ഇത്രയധികം തകരാറ് കാണിക്കുന്ന സ്ഥാപനം വേറെയില്ല. ഒരു കണക്കിൽ ഇതിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അത്രമാത്രം ബൃഹത്തായ സർവ്വകലാശാലയാണെന്ന് ഓർക്കണം. ഇത്രയധികം കോളേജുകൾ അഫിലിയേറ്റ് ചെയ്തിട്ടുള്ള സർവ്വകലാശാല വേറെ എവിടെയെങ്കിലും ഉണ്ടോ എന്നു സംശയമാണ്. എന്റെ അഭിപ്രായത്തിൽ നമ്മുടെ രാജ്യത്ത് രണ്ടുമൂന്നു സർവ്വകലാശാലകൾ തീർച്ചയായിട്ടും ഇന്ന് വേണ്ടതാണ്. അതിൽ ഒരെണ്ണം സ്വകാര്യ മേഖലയിൽ നടത്തുകയും രണ്ടെണ്ണം ഗവൺമെന്റ് നടത്തുകയും ചെയ്യേണ്ടതാണ്. വളരെയധികം കാര്യങ്ങൾ ഇപ്പോഴുള്ള സർവ്വകലാശാലയ്ക്ക് ചെയ്യാനുള്ളതുകൊണ്ടാണ് പരീക്ഷ നടത്തുന്ന അവസരത്തിലും മറ്റും ഇപ്പോഴുണ്ടാകുന്നതുപോലെ സ്വാഭാവികമായും ജയിച്ചവർ തോൽക്കുകയും തോറ്റവർക്ക് ഫസ്റ്റ് ക്ലാസ്സ് കിട്ടുകയും മറ്റും ചെയ്യുന്നത്. ഇത് നമ്മുടെ സർവ്വകലാശാലക്കുതന്നെ അപമാനകരമാണ്. ഇത് മാറ്റുന്നതിന് തീർച്ചയായിട്ടും കൂടുതൽ സർവ്വകലാശാലകൾ അനുവദിക്കണം.

വൈസ് ചാൻസലറെ സംബന്ധിച്ച് പല പരാമർശനങ്ങളുമുണ്ടായി. വൈസ് ചാൻസലർ മലയാളി ആയിരിക്കണമെന്ന് എനിക്ക് യാതൊരു നിർബന്ധവുമില്ല. മലയാളി ആയിരുന്നില്ല എന്നുവച്ച് ഒരു പ്രയാസവുമില്ലെന്നാണ് എന്റെ എളിയ അഭിപ്രായം. മലയാളിയെ കിട്ടുമെങ്കിൽ നല്ലതുതന്നെ. മലയാളി ആണോ അല്ലയോ എന്നുള്ളതല്ല, വൈസ് ചാൻസലറായിരിക്കാൻ യോഗ്യതയുള്ള ആളാണോ യൂണിവേഴ്സിറ്റിക്ക് അഭിമാനിക്കത്തക്ക ആളാണോ എന്നു നോക്കണം. അങ്ങനെയുള്ള വ്യക്തികളെ വൈസ് ചാൻസലറായി തെരഞ്ഞെടുക്കണം.

സർ, ഞാൻ വേഗം പറഞ്ഞ് അവസാനിപ്പിച്ചു കൊള്ളാം. അതുകൊണ്ട് നമ്മുടെ സർവ്വകലാശാലയുടെ ഭരണത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിനും നിയമസഭയ്ക്കും വേണ്ട അറിവ് കിട്ടത്തക്കവണ്ണവും ന്യായമായ നിർദ്ദേശം വയ്ക്കാനും പരാമർശിക്കാനും ഇവിടെ നിയമസഭയുടെ മുമ്പിൽ അതാതു വർഷത്തെ ആഡിറ്റ് ഭരണറിപ്പോർട്ട് വയ്ക്കാനുമുള്ള നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു.

അഫിലിയേഷനെ സംബന്ധിച്ചാണെങ്കിൽ മിക്കവാറും എല്ലാ കോളേജുകളും യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്യണമെന്ന് വ്യവസ്ഥയുണ്ട്. അതിൽ തെറ്റൊന്നുമില്ല. എങ്കിലും നമ്മുടെ ഈ രാജ്യത്തിനകത്തുതന്നെ ഏതെങ്കിലും കോളേജോ, സ്ഥാപനമോ ഈ യൂണിവേഴ്സിറ്റിയിലല്ലാതെ മറ്റു യൂണിവേഴ്സിറ്റിയുമായി, മദിരാശിയോ ആന്ധ്രയോ മറ്റേതെങ്കിലും യൂണിവേഴ്സിറ്റിയുമായോ അഫിലിയേറ്റ് ചെയ്യണമെന്നു വന്നാൽ, നമ്മൾ ഒരു യൂണിവേഴ്സിറ്റിയായിട്ട് ഈ സ്റ്റേറ്റിൽ നിൽക്കുമ്പോൾ അതു വേണമോ, ശരിയാണോ എന്നുള്ള കാര്യം ആലോചിക്കേണ്ടതാണ്. ഇങ്ങനെ പല കോളേജുകളും അറബിക്, സംസ്കൃതം ഇങ്ങനെയുള്ള വിഭിന്നങ്ങളായതും, നമ്മുടെ രാജ്യത്തുള്ള വിഭാഗങ്ങൾ വിശ്വസിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആഗ്രഹിക്കുന്ന സംസ്കാരം ഉൾക്കൊള്ളുന്ന സ്ഥാപനം നമ്മുടെ ഇൻഡ്യയിലുള്ള മറ്റ് ഏതെങ്കിലും യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്യുന്നതിന് വിരോധമുണ്ടോ എന്നു ആലോചിക്കണം. അതല്ലെങ്കിൽ തീർച്ചയായും അത്തരം യൂണിവേഴ്സിറ്റികൾ കേരളത്തിൽ തന്നെ ഉണ്ടാകണം. നിയമനിർമ്മാണം ചെയ്യുമ്പോൾ ഇക്കാര്യത്തെപ്പറ്റിയും ആലോചിക്കണം. സർ, അങ്ങ് അനുവദിച്ച സമയം കൂടുതൽ എടുത്ത് ഞാൻ അസൗകര്യം ഉണ്ടാക്കുന്നില്ല. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഒരു വാക്കുമാത്രമേ പറയാനുള്ളു. നമ്മുടെ രാജ്യത്തിന്റെ ഭാവിയെ ബാധിക്കുന്ന നിയമനിർമ്മാണത്തിൽ എല്ലാ ഭാഗത്ത് നിന്നും സമചിത്തതയോടുകൂടി സൽബുദ്ധിയോടുകൂടി സഹകരിക്കണമെന്ന പരാമർശത്തോടുകൂടി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു."

കെ.എം. ജോർജ്ജ്

മൂവാറ്റുപുഴയ്ക്കടുത്ത് വാഴക്കുളത്ത് 1919 ജനുവരി 18 ന് ജനിച്ച കെ.എം.ജോർജ്ജ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലൂടെയാണ് രാഷ്ട്രീയത്തിൽ സജീവമായത്. തിരു-കൊച്ചി നിയമസഭയിലും ഒന്നാം കേരള നിയമസഭ മുതൽ നാലാം കേരള നിയമസഭ വരെയും സാമാജികനായിരുന്ന അദ്ദേഹം 01.11.1969 മുതൽ 01.08.1970 വരെ ഗതാഗതവും ആരോഗ്യവും വകുപ്പ് മന്ത്രി 26.06.1976 മുതൽ 11.12.1976 വരെ ഗതാഗത വകുപ്പ് മന്ത്രി എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. കേരള നിയമസഭയുടെ പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി , സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി എന്നിവയുടെ ചെയർമാൻ, കേരള കോൺഗ്രസ് നിയമസഭാ കക്ഷി നേതാവ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, കേരള കോൺഗ്രസ് സ്ഥാപക ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുള്ള കെ.എം.ജോർജ് ഗതാഗത വകുപ്പ് മന്ത്രിയായിരിക്കെ 1976 ഡിസംബർ 11 ന് അന്തരിച്ചു. 1976 ഡിസംബർ 20 ന് കേരള നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.

ചിത്രജാലകം



മുൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയും പത്നി ലളിതാ ദേവിയും വിമാനയാത്രക്കിടയിൽ

മുൻ രാഷ്ട്രപതി കെ. ആർ. നാരായണന്റെ ചരമവാർഷിക ദിനമായ 2023 നവംബർ 9 ന് നിയമസഭാ സമുച്ചയത്തിലെ കെ.ആർ.നാരായണൻ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പാർച്ചന നടത്തുന്നു.

സഭാ നേതാവിന്റെ പേജ്



പിണറായി വിജയൻ
മുഖ്യമന്ത്രി

അനന്തപുരിയുടെ അക്ഷരോത്സവം

പലതുകൊണ്ടും ചരിത്രത്തിൽ ഇടംനേടിയ കേരളം അതിന്റെ അറുപത്തെട്ടാം പിറന്നാളിനോടനുബന്ധിച്ച് മറ്റൊരു ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. കേരളത്തിന്റെ സമഗ്രമുഖം ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്ന കേരളീയമെന്ന മഹോത്സവത്തിന് നമ്മൾ ആരംഭം കുറിച്ചു. കേരളത്തെ നവകേരളമായി പുതുക്കി പണിയുന്നതിന് സഹായകമാകുന്ന സെമിനാറുകൾ, കേരളത്തിന്റെ കലകൾ, വ്യവസായങ്ങൾ, ഭക്ഷണം എന്നിവ ലോകത്തിന് മുൻപിൽ അവതരിപ്പിക്കുന്ന സാംസ്കാരിക മേളകൾ, ട്രേഡ് ഫെയറുകൾ, ഫുഡ് ഫെസ്റ്റുകൾ എന്നിവ അതിന്റെ ഭാഗമായിരുന്നു.

കേരളീയത്തിലെ മറ്റൊരു പ്രധാന പരിപാടിയായിരുന്ന കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം. കഴിഞ്ഞ വർഷമാണ് നമ്മൾ അതിന് തുടക്കം കുറിച്ചത്. അത് വൻ വിജയമായി. അതുകൊണ്ടുതന്നെ കൂടുതൽ ഗംഭീരമായാണ് ഇത്തവണ അത് സംഘടിപ്പിച്ചത്. ഡസൻ കണക്കിന് പ്രസാധകർ പതിനായിരക്കണക്കിന് പുസ്തകങ്ങളുമായി അതിൽ അണിനിരന്നു. അവിടെ 240 ലധികം പുതിയ പുസ്തകങ്ങളുടെ പ്രകാശനം നടന്നു. പുസ്തകപ്രകാശനങ്ങൾക്ക് പുറമേ ചർച്ചകളും സെമിനാറുകളും നടന്നു. കേരളത്തിലെ മാത്രമല്ല, ഇന്ത്യയിലെ തന്നെ പ്രമുഖ എഴുത്തുകാരും ചിന്തകരും അതിൽ പങ്കെടുത്തു. കേരള നിയമസഭയാണ് അതിന് വേദിയായത് എന്നതുകൊണ്ടുതന്നെ, നമ്മുടെ നിയമസഭ രാജ്യത്തിനാകെ മാതൃകയായിട്ടുള്ള കാര്യങ്ങളുടെ പട്ടികയിൽ ഒരെണ്ണം കൂടി എഴുതിച്ചേർത്തു എന്ന സവിശേഷത കൂടി കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിനുണ്ട്.

അനേകം ഉത്സവങ്ങൾ നമുക്കുണ്ട്. മിക്കതും മതപരമാണ്. എന്നാൽ മതനിരപേക്ഷമായ ഉത്സവമാണ് പുസ്തകോത്സവം. നവോത്ഥാനകാലത്താണ് പുസ്തകങ്ങളോടും വായനയോടും മലയാളിക്ക് അതുവരെയില്ലാത്ത വിധം താൽപര്യം തോന്നിത്തുടങ്ങിയത്. പള്ളിക്കൂടങ്ങൾ കുറവായിരുന്ന അക്കാലത്ത് ബദൽ പള്ളിക്കൂടങ്ങളായി വായനശാലകൾ മാറി. ഔപചാരിക വിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കാത്തവർ പുസ്തകങ്ങളിലൂടെ സ്വയം വിദ്യാഭ്യാസം നേടി. വിദ്യ കൊണ്ട് പ്രബുദ്ധരാകണമെന്നും ക്ഷേത്രങ്ങളിൽപ്പോലും വായനശാലകൾ സ്ഥാപിക്കണമെന്നും ശ്രീനാരായണ ഗുരു തന്നെ ആഹ്വാനം ചെയ്തിട്ടുണ്ടല്ലോ.

ചെറിയ വൃത്തത്തിൽ കഴിഞ്ഞിരുന്ന മനുഷ്യർക്ക് പുതിയ ലോകം തുറന്നു കിട്ടിയത് പുസ്തകങ്ങളിലൂടെയാണ്. 'ഇന്ന് ഏത് ഓണംകേറാമൂലയിലും ഒരു വായനശാലയെങ്കിലും കാണും' എന്ന് രമണന്റെ അവതാരികയിൽ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി എഴുതിയിട്ടുണ്ട്. ദേശീയ പ്രസ്ഥാനവും കർഷക - കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുമെല്ലാം വായനശാലകൾ സ്ഥാപിക്കുകയും വായനയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ഭ്രാന്താലയം എന്ന് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ച പഴയ കേരളം പല മേഖലകളിലും വികസിത രാജ്യങ്ങളോട് കിടപിടിക്കും വിധം വളർന്നു വന്നതിൽ വായനയ്ക്ക് പ്രധാന പങ്കുണ്ട്.

ശരീരം വളരാൻ നല്ല ഭക്ഷണം വേണമെന്നതു പോലെ തന്നെ മനസ്സിന്റെ ആരോഗ്യത്തിനും നല്ല ഭക്ഷണം ആവശ്യമാണ്. മനസ്സിന്റെ ഭക്ഷണമാണ് വായന. വായിച്ച് വളർന്ന മലയാളിയാണ് കേരളത്തെ ലോകത്തോളം വളർത്തിയത്. വായന കുറയാൻ തുടങ്ങുമ്പോഴാണ് മനുഷ്യമനസ്സ് രോഗാതുരമായിത്തീരുന്നത്. രോഗാതുരമായ മനസ്സിൽ നിന്ന് പരസ്പര സ്നേഹവും സാഹോദര്യ മനോഭാവവുമെല്ലാം കുടിയിറങ്ങുന്നു. തിന്മകളുടെ വിളനിലമായി അത് മാറുന്നു. ആരോഗ്യമുള്ള മനസ്സ് നഷ്ടപ്പെടുമ്പോഴാണ് വെറുപ്പും വിദ്വേഷവുമൊക്കെ പെരുകുന്നതും സമൂഹം ഹിംസയിലേക്ക് വഴുതി വീഴുന്നതും. അതു തടയുന്നതിൽ പുസ്തകങ്ങളെ വായനാ സമൂഹത്തിനു മുൻപാകെ അവതരിപ്പിക്കുന്ന പുസ്തകോത്സവങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്.

മനുഷ്യചരിത്രത്തിൽ അച്ചടിക്കും അച്ചടിച്ച പുസ്തകങ്ങൾക്കും വലിയ പ്രധാന്യമുണ്ട്. എന്നാൽ, ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ കാലത്ത് പുസ്തകങ്ങൾക്ക് പ്രസക്തിയുണ്ടോ എന്ന് ആശങ്കപ്പെടുന്നവരുണ്ട്. അക്ഷരങ്ങളെക്കാൾ ദൃശ്യങ്ങളാണ് ഇന്ന് ആളുകളെ സ്വാധീനിക്കുന്നത് എന്നത് വസ്തുതയാണ്. ദൃശ്യങ്ങൾ നമ്മെ അതിനോടൊപ്പം ഒഴുക്കിക്കൊണ്ടുപോവുകയാണ് ചെയ്യുക. അവിടെ ചിന്തിക്കാൻ ഇടമില്ല. പുസ്തകങ്ങൾ നമ്മുടെ ചിന്തയെ ഉണർത്തുന്നു. അതുകൊണ്ടുതന്നെ യുക്തിചിന്തയും വിമർശനാവബോധവും വളർത്തുന്നതിൽ പുസ്തക വായനയ്ക്ക് വലിയ പങ്കുണ്ട്.

സാമൂഹിക മാധ്യമങ്ങളും ഡിജിറ്റൽ സാങ്കേതിക വിദ്യയുമൊക്കെ ഇരുതലമൂർച്ചയുള്ള വാളുകളാണ്. നന്മയ്ക്കും തിന്മയ്ക്കും ഒരേ പോലെ അവയെ ഉപയോഗിക്കാം. ആര് എന്ത് ലക്ഷ്യത്തിനു വേണ്ടി ഉപയോഗിക്കുന്നു എന്നതിനനുസരിച്ചിരിക്കും കാര്യങ്ങൾ. ദൗർഭാഗ്യവശാൽ മനുഷ്യരെ തമ്മിലടിപ്പിക്കാനും വിദ്വേഷം പ്രചരിപ്പിക്കാനും ഇവയെ ദുരുപയോഗപ്പെടുത്തുന്നവരുണ്ട്. വ്യാജവാർത്തകളും വ്യാജ ചരിത്രവുമൊക്കെ സംഘടിതമായി പ്രചരിപ്പിച്ച് ജനങ്ങളെ ചേരി തിരിക്കുന്ന, വികാരം ആളിക്കത്തിച്ച് നാടിനെ തകർക്കുന്ന ഇത്തരം ശക്തികളെ തിരിച്ചറിയാനും യഥാർത്ഥ ചരിത്രമെന്തെന്ന് മനസ്സിലാക്കാനും പുസ്തകവായന അത്യാവശ്യമാണ്.

വായിക്കുന്നവരും ചിന്തിക്കുന്നവരും സ്വതന്ത്രമായി സംസാരിക്കുന്നവരും എല്ലാം ജനാധിപത്യത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിന് അത്യാവശ്യമാണ്. എന്നാൽ ഏകാധിപതികൾക്കും ഫാസിസ്റ്റുകൾക്കും അവരെ ഭയമാണ്. കാരണം, അവർ സംഘടിതവും വ്യാജവുമായ പ്രചരണങ്ങളിൽ വീണുപോകുന്നില്ല, വ്യക്തി മാഹാത്മ്യങ്ങളിൽ ആകൃഷ്ടരാകുന്നുമില്ല. അതുകൊണ്ടുതന്നെ അവരെയും അവർക്ക് ശക്തിപകരുന്ന പുസ്തകങ്ങളെയും ഇല്ലായ്മ ചെയ്യാനാണ് അത്തരം ഭരണാധികാരികൾ എപ്പോഴും ശ്രമിക്കുന്നത്.

ജർമ്മനിയിൽ ഹിറ്റ്ലർ അധികാരത്തിൽ വന്നയുടൻ പുസ്തകങ്ങൾ കത്തിക്കുകയാണ് ചെയ്തത്. ആ ഘട്ടത്തിൽ ബർലിൻ യൂണിവേഴ്സിറ്റിയിലെ ഇരുപതിനായിരത്തിലധികം ഗ്രന്ഥങ്ങളാണ് തെരുവിൽ കൂട്ടിയിട്ട് കത്തിച്ചത്. സത്യസന്ധമായ ഏതൊരെഴുത്തും ഏകാധിപത്യത്തിനും ഫാസിസത്തിനും എതിരായിരിക്കും. അവയിൽ സാഹോദര്യത്തിന്റെയും മാനവികതയുടെയും മൂല്യങ്ങൾ അടങ്ങിയിട്ടുണ്ടാവും. അത്തരം എഴുത്തിനെയും വായനയെയും ഭയപ്പെടുന്നവർ മാനവികതയ്ക്ക് തന്നെ എതിരായി നിലകൊള്ളുന്നവരാണ്.

യുദ്ധങ്ങളും വർഗീയ വംശീയ കലാപങ്ങളും കൊണ്ട് കലുഷമായ ഇന്നത്തെ ലോകസാഹചര്യത്തിലും ഇന്ത്യൻ സാഹചര്യത്തിലും വായനയുടെ പ്രസക്തി വർധിക്കുകയാണ്. നല്ല പുസ്തകങ്ങൾ ധാരാളമായി ഇറങ്ങുന്നത് സന്തോഷമുള്ള കാര്യമാണ്. അവയിലെ ആശയങ്ങൾ നമ്മുടെ മനസ്സിലെത്തണം. ആശയങ്ങൾ മനുഷ്യർ ഏറ്റെടുത്തു കഴിഞ്ഞാൽ അവ വെറും ആശയങ്ങളല്ല ഭൗതികശക്തിയാണ് എന്ന് മാർക്സ് പറഞ്ഞിട്ടുണ്ടല്ലോ. ലോകത്തെ മാറ്റുന്നത് ആശയങ്ങളാണ്. ഏത് ആശയമാണോ നമ്മുടെ അന്തരീക്ഷത്തിൽ നിറഞ്ഞുനിൽക്കുന്നത് അതനുസരിച്ചായിരിക്കും നമ്മുടെ സംസ്കാരവും ജീവിതവും മുന്നോട്ടുപോവുക.

അതുകൊണ്ടുതന്നെ വ്യക്തിയുടെയും സമൂഹത്തിന്റെയും പുരോഗമനപരമായ മുന്നോട്ടുപോക്കിന് ഉപകരിക്കുന്ന ആശയങ്ങളും മൂല്യങ്ങളും പ്രചരിപ്പിക്കുന്ന പുസ്തകങ്ങളും അവയുടെ വായനയുമാണ് ഈ ഘട്ടത്തിൽ ആവശ്യമായിട്ടുള്ളത്. അവ പ്രചരിപ്പിക്കുന്നത് സംസ്കാര സമ്പന്നതയുടെ ലക്ഷണമാണ്. ആ നിലയ്ക്ക് കേരളത്തിന്റെ സംസ്കാര സമ്പന്നത ലോകത്തിന് മുൻപാകെ അവതരിപ്പിച്ചുകൊണ്ട് കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം 2023 വിജയകരമായി സമാപിച്ചു എന്നതിൽ കേരള നിയമസഭയ്ക്കും അതിലെ അംഗങ്ങൾക്കും കേരളീയ പൊതുസമൂഹത്തിനാകെയും അഭിമാനിക്കാം.

Printed and Published by A.M. Basheer, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Akshara Offset, TC 25/3230 (1), Near Old GPO, Vanchiyoor, Thiruvananthapuram - 695 035 and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695 033, Editor- A.N. Shamseer